File Ref.No.6925/GA - IV - B2/2012/CU

**UNIVERSITY OF CALICUT**

**Abstract**

BA Malayalam CUCBCSS Syllabus 2014 Admission - Corrections made in the Syllabus - Common Course Semester 1 MALIA01 (2) Malayala Bhashayum Sahityavum, Module 3B - Sanchara Sahityam - " Sakkariya's Oru Afrikkan Yathra " (first 15 Chapters only be studied) and Semester IV - Sachithanandan's Poetry - Correction is effected in the title "Mazhakal" as "Mazhayude Nanardhangal " - Implemented with effect from 2014 Admissions - Orders issued

---

**G & A - IV - B**

U.O.No. 10382/2014/Admn Dated, Calicut University.P.O, 11.11.2014

---

*Read:*-1.UO .No. 3797/2013/CU dated 07.09.2013 (CBCSS UG Modified Regulations ) (File.ref.no. 13752/GAIV J SO/2013/CU)

2. UO .No 5180/2014/Admn, dated 29.05.2014 (CBCSS UG Revised Regulations ) (File ref.no. 13752/GAIV J SO/2013/CU)

3. U.O.No. 6952/2014/Admn dated 18.07.2014

4. Letter dated 19.09.2014 and 06.11.2014 from the Chairman Board of Studies in Malayalam (UG)

5. UO Note EX IV/Asst/3/2014/PB dated 14.09.2014 from Pareeksha Bhavan

6. Email dated 16.10.2014 from the Chairman, Board of Studies in Malayalam (UG)

7. Orders of the Registrar in file of even number dated 31.10.2014

**ORDER**

The Modified Regulations of Choice Based Credit Semester System for UG Curriculum with effect from 2014 admission under the University of Calicut was implemented vide paper read first above.

The Revised CUCBCSS UG Regulations has been implemented with effect from 2014 admission for all UG Programmes under CUCBCSS, in the University vide paper read second above.

Vide paper read third the Syllabus of BA Malayalam Programme under CUCBCSS with effect from 2014 admission was implemented and orders issued.

Vide paper read fourth the Chairman Board of Studies Malayalam (UG) has mentioned that there is a correction in the Syllabus of BA Malayalam CUCBCSS Syllabus 2014 admission and the

corrections is to be effected in Common Course Semester I MALIA01(2) and also in Semester IV in Sachithanandan's Poetry.

Vide paper read fifth, the Pareeksha Bhavan has informed that some disparities are noted in the code/title of Papers in the scheme and detailed syllabus which requires clarification.

Vide paper read sixth the Chairman Board of Studies in Malayalam(UG) forwarded the corrected version of the Syllabus of BA Malayalam (UG) CUCBCSS for 2014 admission .

The Corrections effected are:

1. Common Course Semester 1 MALIA01 (2) Malayala Bhashayum Sahityavum- 1 Module 3B - Sanchara Sahityam - " Sakkariya's Oru Afrikkan Yathra " (**first 15 Chapters only be studied**)

2. Semester IV - Sachithanandan's Poetry - Correction is effected in the title "Mazhakal" as " Mazhayude Nanardhangal "

Vide paper read seventh the Registrar has ordered to issue UO effecting the Corrections in the BA Malayalam CUCBCSS Syllabus 2014 Admission .

Orders are issued accordingly.

1. Common Course Semester 1 MALIA01 (2) Malayala Bhashayum Sahityavum- 1 Module 3B - Sanchara Sahityam - " Sakkariya's Oru Afrikkan Yathra " (first 15 Chapters only be studied)
2. Semester IV - Sachithanandan's Poetry - Correction is effected in the title "Mazhakal" as " Mazhayude Nanardhangal "

UO read third above stands modified to this extent.

(The UO along with the Corrected Syllabus is uploaded in the Website)

Muhammed S
Deputy Registrar

To

1. The Principals of all Affiliated Colleges offering BA Malayalam under the University of Calicut
2. PS to VC/PVC/PA to Registrar/CE/EX IV Section/EG Section/Director SDE/DR and AR BA Branch/SDE/SDE Exam Branch/Library/Information Centres/SF/DF/FC

Forwarded / By Order

Section Officer

# UNIVERSITY OF CALICUT

## B.A. DEGREE PROGRAMME

## MALAYALAM LANGUAGE & LITERATURE

## CHOICE BASED CREDIT & SEMESTER SYSTEM - 2014

## SYLLABUS - 2014

# ആമുഖം

ഉന്നത വിദ്യാഭ്യാസരംഗത്ത് നടപ്പാക്കികൊണ്ടിരിക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ കേരളസർക്കാർ നിയോഗിച്ച ഹൃദയകുമാരി കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് കേരള ഉന്നത വിദ്യാഭ്യാസകൗൺസിൽ കൈകൊണ്ട നിർദ്ദേശങ്ങൾ ഉൾകൊണ്ട് കാലിക്കറ്റ് സർവ്വകലാശാല Choice Based Credit & Semester (CBCSS - 2014 റഗുലേഷന്റെ അടിസ്ഥാനത്തിലാണ് പുതിയ സിലബസിന് മലയാളം ബോർഡ് ഓഫ്സ്റ്റഡീസ് (യുജി) രൂപം നൽകിയിരിക്കുന്നത്.

നിലവിലുള്ള സിലബസിലെ അപാകതകൾ പരിഹരിച്ചുകൊണ്ടും മലയാളസാഹിത്യ പഠനത്തിന് പ്രാധാന്യം നൽകികൊണ്ടുമാണ് സിലബസ് രൂപകല്പന ചെയ്തിരിക്കുന്നത്. പല കോഴ്സുകളുടെയും ഉള്ളടക്കം സെമസ്റ്റർ കാലയളവിൽ പഠിപ്പിച്ചു തീർക്കാൻ സാധിക്കുന്നില്ലെന്ന കഴിഞ്ഞകാല അനുഭവം മുൻനിർത്തി സമയബന്ധിതമായി പഠിപ്പിക്കാൻ കഴിയുന്ന രൂപത്തിലാണ് ഓരോ കോഴ്സിനും രൂപം നൽകിയിട്ടുള്ളത്. സമയ ലഭ്യത അനുസരിച്ച് അധ്യാപകർ ഏറ്റെടുത്ത് നടത്തുന്ന അനുബന്ധപ്രവർത്തനങ്ങൾ പാഠ്യപദ്ധതിയുടെ വിപുലനം സാധ്യമാക്കും.

അപാകതകൾ ഇല്ലാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും അധ്യാപകസുഹൃത്തുക്കൾ ചൂണ്ടികാണിക്കുന്ന മുറയ്ക്ക് അവ പരിഹരിക്കാവുന്നതാണ്.

2014- ൽ പ്രവേശനം നേടുന്ന റഗുലർ. വിദൂരവിദ്യഭ്യാസ വിദ്യാർത്ഥികൾക്ക് ഈ സിലബസ്സ് ബാധകമാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
15. 6. 2014

മലയാളം യു ജി ബോർഡ്

# UNIVERSITY OF CALICUT
## B.A. DEGREE PROGRAMME
## MALAYALAM LANGUAGE & LITERATURE
## CHOICE BASED CREDIT & SEMESTER SYSTEM - 2014

1. പരീക്ഷ ഉൾപ്പെടെ 90 പ്രവൃത്തി ദിവസങ്ങളുള്ള 6 സെമസ്റ്ററുകൾകൊണ്ടാണ് ഈ പ്രോഗ്രാം പൂർത്തിയാകുന്നത്.
2. 4 തരത്തിലുള്ള കോഴ്സുകളാണ് ഈ പ്രോഗ്രാമിലുള്ളത്.

   A. കോമൺ കോഴ്സ്, B. കോർ കോഴ്സ്, C. കോംപ്ലിമെന്ററി കോഴ്സ്, D. ഓപ്പൺ കോഴ്സ്.
3. എല്ലാ കോഴ്സുകൾക്കും കൂടി 120 ക്രെഡിറ്റാണുള്ളത്.
4. 5-ാം സെമസ്റ്ററിലെ ഓപ്പൺ കോഴ്സിന് 3 വിഷയങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഓരോ കോളേജിനും താൽപര്യമുള്ള വിഷയം തെരഞ്ഞെടുക്കാവുന്നതാണ്. ഈ കോഴ്സുകൾ മലയാള ഭാഷയും സാഹിത്യവും ഐച്ഛികമായി എടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ളതല്ല.
5. 6-ാം സെമസ്റ്ററിലെ കോർ കോഴ്സിലെ 15-ാംമത്തെ കോഴ്സ് ഇലക്ടീവ് കോഴ്സാണ് 3 വിഷയങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ കോളേജിനും താല്പര്യമുള്ള വിഷയം തെരഞ്ഞെടുക്കാവുന്നതാണ്.
6. 5, 6, സെമസ്റ്ററുകളിലായി കോഴ്സ് വർക്ക്/പ്രൊജക്ട് വർക്ക് നിർദ്ദേശിച്ചിട്ടുണ്ട്. 2 മണിക്കൂർ വീതം ഇതിനുവേണ്ടി നീക്കിവെച്ചിട്ടുണ്ട്. 6-ാമത്തെ സെമസ്റ്ററിലാണ് പ്രവർത്തനം പൂർത്തിയാക്കി സമർപ്പിക്കേണ്ടത്.
7. കോഴ്സ് വർക്ക്/പ്രൊജക്ട് വർക്കിന്റെ ഭാഗമായി ചെയ്യാവുന്ന പ്രവർത്തനങ്ങൾ.

   a) ഭാഷാ, സാഹിത്യ, സാംസ്കാരിക വിഷയങ്ങളെ ആസ്പദമാക്കി 25 പുറത്തിൽ കുറയാതെയുള്ള പ്രബന്ധം തയ്യാറാക്കുക.

   b) അരമണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററി/ഹ്രസ്വചിത്രം നിർമ്മിക്കുക (ടീമംഗങ്ങൾ 5 പേരിൽ കൂടരുത്).

   c) അധ്യാപകരുടെ മേൽനോട്ടത്തിൽ സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് നടത്തിയ പഠനയാത്രയെക്കുറിച്ച് 30 പുറത്തിൽ കുറയാത്ത യാത്രാ വിവരണം തയ്യാറാക്കൽ.

8. മൂല്യനിർണ്ണയത്തിന്റെ 80% എഴുത്തു പരീക്ഷയും 20% ഇന്റേണൽ അസ്സസ്മെന്റും ആയിരിക്കും.
9. പരീക്ഷയിൽ 4 തരം ചോദ്യങ്ങൾ ഉണ്ടാകും.

   (a) Objective type, (b) Short answer, (c) Short Essay, (d) Long Essay
10. അറ്റന്റൻസ് 25% അസൈൻമെന്റ് / സെമിനാർ / വൈവ - 25% ടെസ്റ്റ്പേപ്പർ 50% എന്നിങ്ങനെയാണ് ഇന്റേണൽ അസ്സസ്മെന്റ്.

    സെമിനാറിന്റെയും അസൈൻമന്റിന്റേയും വിഷയം സിലബസിന്റെ പഠനപൂർത്തീകരണത്തിന് ഉതകുന്നതാകണം.

# CURRICULUM
## B.A. DEGREE PROGRAMME
## MALAYALAM LANGUAGE & LITERATURE
## CHOICE BASED CREDIT & SEMESTER SYSTEM - 2014

1. സ്വന്തം ഭാഷയോടും സംസ്കാരത്തോടുമുള്ള താൽപര്യം സാഹിത്യാസ്വാദനത്തിലൂടെ വികസിപ്പിക്കൽ.
2. മലയാളഭാഷയ്ക്കും സാഹിത്യത്തിനും കാലഘട്ടങ്ങളിലൂടെ സംഭവിച്ച പരിണാമങ്ങളെ സാംസ്കാരിക ചരിത്ര പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കൽ.
3. കേരളീയ സംസ്കാരത്തിന്റെ ബഹുസ്വരത മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക
3. സൗന്ദര്യശാസ്ത്രസിദ്ധാന്തങ്ങളെ സാമാന്യമായി പരിചയപ്പെടൽ
4. പ്രാന്തവൽകൃത കേരളീയ സ്വത്വങ്ങളുടെ ഇടം തിരിച്ചറിയൽ.
5. ആധുനിക ഭാഷാശാസ്ത്രത്തിന്റെ സാമാന്യസങ്കൽപ്പങ്ങൾ പരിചയിക്കൽ.
6. മലയാള സാഹിത്യവിമർശനത്തിന്റെ ചരിത്രത്തേയും വർത്തമാനത്തേയും കുറിച്ച് അവബോധം സൃഷ്ടിക്കൽ.
7. ഗദ്യസാഹിത്യത്തിന്റെ വ്യത്യസ്ത മാതൃകകളെ പരിചയപ്പെടൽ.
8. ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളെ ആശ്രയിച്ചുള്ള ഭാഷാവ്യവഹാരങ്ങൾ പരിചയപ്പെടൽ.
9. കേരളീയ കലകളുടെ സാമൂഹിക സാംസ്കാരിക പരിസരങ്ങളെ അവലോകനം ചെയ്യൽ.
10. ചരിത്ര രചനയുടെ സിദ്ധാന്തങ്ങളും സങ്കൽപ്പഭേദങ്ങളും ഉൾക്കൊള്ളൽ.
11. പഠനയാത്രകളിലൂടെ കേരളത്തിന്റെ സാംസ്കാരിക ബഹുസ്വരതയെ പരിചയപ്പെടൽ.

Complementary Course

1. മലയാളഭാഷയേയും സാഹിത്യത്തേയും പറ്റി സാമാന്യാവബോധം നേടൽ.
2. കേരളസംസ്കാരത്തിന്റെ വ്യത്യസ്ത ധാരകളെ തിരിച്ചറിയൽ.
3. മലയാളഭാഷയിലെ കഥ, കവിത, സിനിമ, നാടകം, നിരൂപണം തുടങ്ങിയ സാഹിത്യ രൂപങ്ങളെ കുറിച്ചുള്ള സാമാന്യ പരിചയം.
4. സർഗാത്മകരചന, വിവർത്തനം, ആശയവിനിമയം എന്നിവയ്ക്ക് വിദ്യാർത്ഥികളെ പ്രാപ്തമാക്കൽ.

Open Course

1. മലയാള സാഹിത്യത്തെപ്പറ്റി സാമാന്യാവബോധം സൃഷ്ടിക്കൽ.
2. കേരളീയ കലാസാംസ്കാരിക രംഗങ്ങളെ പപരിചയപ്പെടാനും വിശകലനം ചെയ്യാനുമുള്ള ശേഷി വളർത്തൽ.

# UNIVERSITY OF CALICUT
## B.A. DEGREE PROGRAMME
## MALAYALAM LANGUAGE & LITERATURE
## CHOICE BASED CREDIT & SEMESTER SYSTEM 2014

| Sem | Code No: | Course Title | Insti/ hrs/ week | Credit | Exam Hrs | Marks | | Total Credit |
|---|---|---|---|---|---|---|---|---|
| | | | | | | Int | Ext | |
| I | | Common Course (English) | 4 | 4 | 3 | | | |
| | | Common Course (English) | 5 | 3 | 3 | | | |
| | MAL1AO1 | Common Course 7 | | | | | | |
| | | മലയാളസാഹിത്യം - 1 | 4 | 4 | 3 | 20 % | 80% | 16 (20) |
| | MAL1B01 | Core Course 1 | | | | | | |
| | | മലയാളകവിത നവോത്ഥാനഘട്ടം | 6 | 5 | 3 | | | |
| | | Ist Complementary(സംസ്കൃതം/ജേർണലിസം) | 3 | (2) | | | | |
| | MAL 1CO1 | IIst Complementary | | | | | | |
| | | (കേരളപഠനം - പൂർവ്വകാലകേരളം) | 3 | (2) | | | | |
| II | | Common Course (English) | 4 | 4 | 3 | | | |
| | | Common Course (English) | 5 | 3 | 3 | | | |
| | MAL2AO2 | Common Course 8 | 4 | 4 | 3 | | | |
| | | മലയാളസാഹിത്യം 2 | | | | 20 % | 80 % | 24 (20) |
| | MAL 2B02 | Core Course II | | | | | | |
| | | മലയാള ചെറുകഥാസാഹിത്യം | 6 | 5 | 3 | | | |
| | | Ist Complementary (സംസ്കൃതം/ജേർണലിസം) | 3 | (2) 4 | 3 | | | |
| | MAL 2CO2 | IIst Complementary | | | | | | |
| | | (കേരളപഠനം - മധ്യകാലകേരളം) | 3 | (2) 4 | 3 | | | |
| III | | Common Course (English) | 5 | 4 | 3 | | | |
| | MAL3AO3 | Common Course 9 | | | | | | |
| | | മലയാളസാഹിത്യം 3 | 5 | 4 | 3 | | | |
| | MAL3 BO3 | Core Course III | | | | | | |
| | | മലയാള കവിത ഉത്തരഘട്ടം | 5 | 4 | 3 | 20 % | 80 % | 16 (20) |
| | MAL 3BO4 | Core Course IV നാടകം/തിരക്കഥ | 4 | 4 | 3 | | | |
| | | Ist Complementary (സംസ്കൃതം/ജേർണലിസം) | 3 | (2) | | | | |
| | MAL 3CO3 | IIst Complementary | | | | | | |
| | | കേരളപഠനം-അധിനി | | | | | | |
| | | വേശകാലകേരളം | 3 | (2) | | | | |
| IV | | Common Course (English) | 5 | 4 | 3 | | | |
| | MAL4AO4 | Common Course 10 | | | | | | |
| | | മലയാളസാഹിത്യം 4 | 5 | 4 | 3 | | | |
| | MAL4 BO5 | Core Course V | | | | | | |
| | | ഭാഷാശാസ്ത്രവുംഭാഷാചരിത്രവും | 5 | 4 | 3 | 20 % | 80 % | 24(20) |
| | MAL 4BO6 | Core Course VI | | | | | | |
| | | നോവൽസാഹിത്യം | 4 | 4 | 3 | | | |
| | | Ist Complementary (സംസ്കൃതം/ജേർണലിസം) | 3 | (2)4 | 3 | | | |
| | MAL 4CO4 | IIst Complementary | | | | | | |
| | | (കേരളപഠനം-ആധുനിക കേരളം) | 3 | (2)4 | 3 | | | |

| Sem | Code No: | Couse Title | Insti/ hrs/ | Credit | Exam | Marks | | Total Credit |
|---|---|---|---|---|---|---|---|---|
| | | | | | | Int | Ext | |
| V | MAL5 B07 | Core Course VII മലയാളവ്യാകരണം | 6 | 4 | 3 | | | |
| | MAL5 B 08 | Core Course VIII പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾ | 5 | 4 | 3 | | | |
| | MAL5 BO9 | Core Course IX മലയാളസാഹിത്യ വിമർശനം | 5 | 4 | 3 | 20 % | 80 % | 18 |
| | MAL5 BO10 | Core Course X നാടോടിവിജ്ഞാനീയം | 5 | 4 | 3 | | | |
| | | Open Course 1 | | | | | | |
| | MAL5 DO1 | ചലച്ചിത്ര പഠനം | 2 | 2 | 3 | | | |
| | MAL5 DO2 | സാഹിത്യവും സർഗാത്മകരചനയും | | | | | | |
| | MAL5 DO3 | സ്ത്രീപഠനങ്ങൾ | | | | | | |
| | | Course work / project work | 2 | | | | | |
| VI | MAL6 B11 | Core Course XI മലയാള കവിത പൂർവ്വഘട്ടം | 5 | 4 | 3 | | | |
| | MAL6 B12 | Core Course XII ഗദ്യസാഹിത്യം | 5 | 4 | 3 | | | |
| | MAL6 B13 | Core Course XIII പൗരസ്ത്യ സിദ്ധാന്തങ്ങൾ | 5 | 4 | 3 | 20 % | 80 % | 22 |
| | MAL6 B14 | Core Course XIV നവസംസ്കാരപഠനങ്ങൾ | 5 | 4 | 3 | | | |
| | MAL6 B15 (1) | Elective മാധ്യമപഠനം | 3 | 4 | 3 | | | |
| | MAL6 B15 (2) | വിവർത്തനം | | | | | | |
| | MAL6 B15 (3) | സൈബർ മലയാളം | | | | | | |
| | MAL6 B16(Pr) | Course work / project work | 2 | 2 | | | | |

**B.COM DEGREE PROGRAMME**

| Sem | Code No: | Couse Title | Insti/ hrs/ | Credit | Exam | Marks | | Total |
|---|---|---|---|---|---|---|---|---|
| | | | | | | Int | Ext | |
| I | MAL1A01 (1) | Common Course 7 മലയാളസാഹിത്യപഠനം -1 | 5 | 4 | 3 | 20 % | 80 % | |
| II | MAL2A02 (1) | Common Course 9 മലയാളസാഹിത്യപഠനം - 2 | 5 | 4 | 3 | | | |

## B.SC PROGRAMME (IN OTHER PATTERN)

| Sem | Code No: | Course Title | Insti/ hrs/ | credit | Exam | Marks | | Total |
|---|---|---|---|---|---|---|---|---|
| | | | | | | Int | Ext | |
| 1 | MAL1A01 (2) | Common Course 7<br>മലയാളഭാഷയും സാഹിത്യവും-1 | 5 | 4 | 3 | 20 % | 80 % | |
| 2 | MAL2A02 (2) | Common Course 9<br>മലയാളഭാഷയും സാഹിത്യവും-2 | 5 | 4 | 3 | | | |

## DUAL CORE PROGRAMME
## MALAYALAM & SOCIOLOGY

| Sem | Code No: | Course Title | Insti/ hrs/ | Credit | Exam | Marks | | Total |
|---|---|---|---|---|---|---|---|---|
| | | | | | | Int | Ext | |
| I | MAL1B01 | മലയാളകവിത നവോത്ഥാനഘട്ടം | 6 | 5 | | | | |
| | SOC1B01 | Sociology | 6 | 5 | | | | |
| II | MAL2B02 | മലയാളചെറുകഥാസാഹിത്യം | 6 | 5 | | | | |
| | SOC2B02 | Sociology | 6 | 5 | | | | |
| III | MAL3B03 | മലയാളകവിതഉത്തരഘട്ടം | 5 | 4 | | | | |
| | MAL3B04 | നാടകം/തിരക്കഥ | 4 | 4 | | | | |
| | SOC3B | Sociology | 6 | 4 | | | | |
| IV | MAL4B05 | ഭാഷാശാസ്ത്രവും ഭാഷാചരിത്രവും | 5 | 4 | | | | |
| | SOC4B05 | Sociology | 5 | 4 | | | | |
| | SOC4B06 | Sociology | 4 | 4 | | | | |
| V | MAL5B07 | മലയാള വ്യാകരണം | 6 | 4 | | | | |
| | MAL5B09 | മലയാള സാഹിത്യവിമർശനം | 5 | 4 | | | | |
| | SOC5B..... | Sociology | 5 | 4 | | | | |
| | SOC5B..... | Sociology | 5 | 4 | | | | |
| | | Open Course | 2 | 2 | | | | |
| | | Course work / project work<br>മലയാളം | 1<br>1 | | | | | |
| | | Course work / project work<br>Sociology | 1 | | | | | |
| VI | MAL6B11 | മലയാളകവിത പൂർവ്വഘട്ടം | 5 | 4 | | | | |
| | MAL6B13 | പൗരസ്ത്യസിദ്ധാന്തങ്ങൾ | 5 | 4 | | | | |
| | SOC6B..... | Sociology | 6 | 4 | | | | |
| | SOC6B..... | Sociology | 5 | 4 | | | | |
| | MAL6B16(Pr) | Course work/project work മലയാളം | 2 | 2 | | | | |
| | SOC6B16(Pr) | Course work/project work Sociology | 2 | 2 | | | | |

## സെമസ്റ്റർ-I

MALIAO1

കോമൺ കോഴ്സ്-7

## മലയാളസാഹിത്യം - 1

പഠനസമയം-72 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

മലയാള സാഹിത്യ വളർച്ചയുടെ വിവിധ കാലഘട്ടങ്ങളെ പരിചയപ്പെടുക. എഴുത്തുകാരുടെ രചനാസവിശേഷതകൾ പൊതുവായി മനസ്സിലാക്കുക. ഓരോ കവിയുടെയും എല്ലാ രചനകളെയും വിദ്യാർത്ഥി സാമാന്യമായി പരിചയപ്പെടേണ്ടതാണ്.

**മൊഡ്യൂൾ 1**

മലയാള കവിതാസാഹിത്യത്തിലെ ആദ്യകാല കൃതികൾ. കവിതകളുടെ പൊതുസ്വഭാവങ്ങൾ. കവികളെപ്പറ്റിയുള്ള സാമാന്യവിവരണങ്ങൾ എന്നിവ. ഒരു കാവ്യഭാഗം മാത്രമേ പാഠ്യവിഷയമാവുന്നുള്ളു എങ്കിലും കാവ്യത്തെപ്പറ്റി സാമാന്യധാരണ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കണം.

വിശദപഠനത്തിന്

1 ചെറുശ്ശേരി - കുചേലഗതി (കൃഷ്ണഗാഥ)

അല്പമായുള്ളൊരു കാഴ്ച്ചഞാനെങ്ങനെ.................

........മന്ദിരം പുകിനാൻ ഭാര്യയുമായ്

2. എഴുത്തച്ഛൻ - മഹാഭാരതം കിളിപ്പാട്ട് - സ്ത്രീപർവ്വം - ഗാന്ധാരീവിലാപം
(420 മുതൽ 520 വരെയുള്ള വരികൾ)

3. കുഞ്ചൻ നമ്പ്യാർ - സ്യമന്തകം തുള്ളൽ

കാലത്തിന്റെ പകർച്ച നിനച്ചാൽ
മാലോകർക്കു പൊറുപ്പാൻ മേലാ...
മുതൽ
ഇത്തരമോരോ ദുർവാക്കുകളെ
ചിലരു പറഞ്ഞു ദുഷിച്ചു തുടങ്ങി... വരെ.

4. പൂന്താനം - ജ്ഞാനപ്പാന
സ്ഥാനമാനങ്ങൾ ചൊല്ലി കലഹിച്ചു
മുതൽ
മത്സരിക്കുന്നതെന്തിനു നാം വൃഥാ? - വരെ

**മൊഡ്യൂൾ 2**

വടക്കൻപാട്ട്, തെക്കൻപാട്ട്, നാടൻപാട്ട്, മാപ്പിളപ്പാട്ട് എന്നിങ്ങനെ സാഹിത്യത്തിലെ വ്യത്യസ്തമാർന്നതും തനിമയുള്ളതുമായ ഒരു ശാഖയിലേക്കുള്ള പ്രവേശനം.

വിശദപഠനത്തിന്:

1. നാടൻപാട്ട് : "നേരം പോയ് നേരം പോയ് പൂക്കൈതമറപറ്റി........."
2. വടക്കൻപാട്ട് : ആരോമൽ ചേകവരുടെ അങ്കപ്പുറപ്പാട്

3. മാപ്പിളപ്പാട്ട് : ബദറുൽമുനീർ ഹുസ്നുൽ ജമാൽ-മോയിൻകുട്ടി വൈദ്യർ

ഫൂമകളാണെ ഹുസ്നുൽ ജമാൽ

മുതൽ

കണ്ടാൽ മതിമറന്ന് ഇൻസാൻ യെത്തും വരെ.

**മൊഡ്യൂൾ 3**

മലയാള ചെറുകഥാസാഹിത്യത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ പ്രതിനിധാനം ചെയ്യുന്ന കഥകളാണ് ഈ മൊഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ കഥാകൃത്തിന്റേയും ഓരോ രചനകളെ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളു എങ്കിലും മുഴുവൻ രചനകളെക്കുറിച്ചും സാമാന്യമായ ധാരണ വിദ്യാർത്ഥിക്ക് ലഭിച്ചിരിക്കണം.

1. തകഴി - വെള്ളപ്പൊക്കത്തിൽ
2. കേശവദേവ് - ബസ്സു കാത്ത്
3. കാരൂർ - മരപ്പാവകൾ
4. ഉറൂബ് - വെളുത്തകുട്ടി
5. ബഷീർ - ഭൂമിയുടെ അവകാശികൾ
6. ലളിതാംബിക അന്തർജ്ജനം- മാണിക്കൻ

(മൂന്നു കഥകൾ പഠിച്ചാൽ മതി. ഈ സെമസ്റ്ററിൽ തകഴി, കാരൂർ, ബഷീർ)

**മൊഡ്യൂൾ 4**

1. എം.ടി. വാസുദേവൻ നായർ - കല്പാന്തം
2. ടി. പത്മനാഭൻ - കത്തുന്ന രഥചക്രം
3. മാധവിക്കുട്ടി - ദയ എന്ന വികാരം
4. ഒ.വി. വിജയൻ - കാറ്റു പറഞ്ഞ കഥ
5. കെ.ആർ മീര - ഓർമ്മയുടെ ഞരമ്പ്
6. വി.ആർ. സുധീഷ് - അവൾ ഒരു കുട്ടി ആയിരുന്നപ്പോൾ
7. ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് - രണ്ട് എളേപ്പമാർ

(ഈ സെമസ്റ്ററിൽ എം.ടി വാസുദേവൻ നായർ, ഒ.വി. വിജയൻ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, വി.ആർ. സുധീഷ് എന്നിവരുടെ കഥകൾ പഠിച്ചാൽ മതി).

## സെമസ്റ്റർ II

MAL2A02 **മലയാളസാഹിത്യം - 2**

പഠനസമയം-72 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

മലയാളകവിതാസാഹിത്യത്തിന്റെ വളർച്ചയുടെ ഘട്ടങ്ങൾ, പ്രസ്ഥാനങ്ങൾ, പുതിയ ഭാവുകത്വങ്ങൾ- ഇവയെപ്പറ്റിയും ഗദ്യസാഹിത്യത്തിന്റെയും വിമർശനസാഹിത്യത്തിന്റെയും വളർച്ചയെപ്പറ്റിയും സാമാന്യധാരണ രൂപപ്പെടുത്തുക.

**മൊഡ്യൂൾ 1**

മലയാളകവിതയിലെ കാൽപനികത, യഥാതഥപ്രസ്ഥാനങ്ങളെ പരിചയപ്പെടുക. കവിതകളുടെ പൊതു സ്വഭാവവും ഭാവുകത്വപരിണാമവും വ്യക്തമാക്കണം. ഓരോ കവിയുടെയും പ്രധാന രചനകളെപ്പറ്റി വിദ്യാർത്ഥികളെ സാമാന്യധാരണയിലേക്ക് നയിക്കേണ്ടതാണ്.

1. കുമാരനാശാൻ - ചിന്താവിഷ്ടയായ സീത
   പാഠഭാഗം: സുതർ മാമുനിയോടയോദ്ധ്യയിൽ
   മുതൽ
   പലനാൾ കഴിയുമ്പോൾ മോഹമാം
   ജലധിക്കക്കരെ ജീവിയേറിടാം - വരെ.
2. വള്ളത്തോൾ - ആ കൊച്ചുമാറാപ്പ്
   (സാഹിത്യമഞ്ജരി - അഞ്ചാംഭാഗം)
3. ഇടശ്ശേരി ഗോവിന്ദൻനായർ - വിവാഹസമ്മാനം
4. ജി. ശങ്കരക്കുറുപ്പ് - പെരുന്തച്ചൻ
5. പി. കുഞ്ഞിരാമൻ നായർ - കളിയച്ഛൻ
6. വൈലോപ്പിള്ളി - സഹ്യന്റെ മകൻ

(3 കവിതകൾ ഒരു സെമസ്റ്ററിൽ, ഈ സെമസ്റ്ററിൽ ആശാൻ, ജി ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി എന്നിവരുടെ കവിതകളാണ് പഠിക്കേണ്ടത്).

**മൊഡ്യൂൾ-2**

മലയാള കവിതയുടെ ആധുനിക ഘട്ടം മുതൽ ഇന്നത്തെ മലയാള കവിത വരെ. പ്രമേയ സ്വീകരണം, അവതരണം എന്നിവയിലെ വ്യതിയാനങ്ങളെപറ്റി വ്യക്തമായ ധാരണ രൂപപ്പെടണം.

1. സുഗതകുമാരി - പട്ടുപാവാട
2. അയ്യപ്പപ്പണിക്കർ - രാത്രികൾ പകലുകൾ (ഒക്ടോബർ 10-15)
   നീ തന്നെ ജീവിതം സന്ധ്യേ
   മുതൽ
   അവസാനമവസാന മവസാനമവസാനമല്ലോ - വരെ.
3. ഒ.എൻ.വി. കുറുപ്പ് - ചോറൂണ്
4. സച്ചിദാനന്ദൻ - ഇവനെക്കൂടി

5. റഫീക്ക് അഹമ്മദ് - മഴ കൊണ്ടുമാത്രം
6. അനിത തമ്പി - മുറ്റമടിക്കുമ്പോൾ.

(ഈ സെമസ്റ്ററിൽ സുഗതകുമാരി, അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, റഫീക്ക് അഹമ്മദ് എന്നിവരുടെ കവിതകളാണ് പഠിക്കേണ്ടത്.)

**മൊഡ്യൂൾ 3,4 - വിമർശനം, നിരൂപണം**

മലയാള സാഹിത്യത്തിലെ വിമർശന രൂപങ്ങളെയും പ്രസ്ഥാനങ്ങളെയും പരിചയപ്പെടുത്തുക.

1. കുട്ടിക്കൃഷ്ണമാരാർ - ഇതിഹാസ കഥാപാത്രങ്ങൾ (ദന്തഗോപുരം)
2. എം.പി. പോൾ - ഹാസ്യത്തിന്റെ ഉൽപത്തി
3. സുകുമാർ അഴീക്കോട് - സീതാകാവ്യം
4. എം. തോമസ് മാത്യു - സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും
5. എം.കെ. സാനു - സ്പന്ദിക്കുന്ന അസ്ഥിമാടം (നക്ഷത്രങ്ങളുടെ സ്നേഹഭാജനം)
6. ഡോ. എം.എം. ബഷീർ - തപന്റെ അമ്മ (20 നോവലുകൾ)
7. ഡോ. വി. രാജകൃഷ്ണൻ - മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ (ചെറുകഥയുടെ ഛന്ദസ്സ്)
8. ആഷാമേനോൻ - വാൻ ഗോഗിന്റെ ബുദ്ധവർണ്ണം (ഖാൽസയിലെ ജലസ്മൃതി)
9. ജി. മധുസൂദനൻ - പാരിസ്ഥിതിക കല (ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ)
10. പി.കെ. രാജശേഖരൻ - വിശ്വാസത്തിന്റെ ഇരുട്ടറകൾ (നരകത്തിന്റെ ഇരുട്ടറകൾ)

(ഈ സെമസ്റ്ററിൽ മാരാർ, തോമസ് മാത്യു, എം. എം. ബഷീർ, എം.കെ. സാനു, വി. രാജകൃഷ്ണൻ, ജി. മധുസൂദനൻ എന്നിവരുടെ ലേഖനങ്ങളാണ് പഠിക്കേണ്ടത്.)

MAL3A03

## സെമസ്റ്റർ III
## മലയാളസാഹിത്യം - 3

പഠനസമയം-90 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

മലയാളം ഉപഭാഷയായി പഠിക്കുന്ന ബിരുദതല വിദ്യാർത്ഥികൾ കഥ, കവിത, വിമർശനം എന്നീ സാഹിത്യരൂപങ്ങളെ പരിചയപ്പെട്ടു കഴിഞ്ഞു. മൂന്നാം സെമസ്റ്ററിൽ ഇതര സാഹിത്യരൂപങ്ങളായ നാടകം, തിരക്കഥ, ആത്മകഥ, സഞ്ചാരസാഹിത്യം എന്നിവ പരിചയപ്പെടുന്നു.

**മൊഡ്യൂൾ 1 നാടകം**

നാടക കല, നാടക സാഹിത്യചരിത്രം എന്നിവയെപ്പറ്റി സാമാന്യമായ അറിവ്, പാശ്ചാത്യ പൗരസ്ത്യ നാടകനിരൂപണങ്ങളുടെ ചർച്ച.

**വിശദപഠനത്തിന്**

ലേഖനം 1. നാടകം ഒരു സാഹിത്യരൂപം എന്ന നിലയിൽ-എം.കെ. സാനു
(നാടകക്കളരി സി.ജെ. സ്മാരക പ്രസംഗസമിതി 1983)
2. മലയാളനാടകചരിത്രത്തിനൊരാമുഖം (ഫോക്‌ലോറും മലയാളനാടകവും)
ഡോ. എൽ തോമസ്കുട്ടി

നാടകം - 1128ൽ ക്രൈം 27-സി.ജെ. തോമസ്.

**മൊഡ്യൂൾ 2 - തിരക്കഥ**

ചലച്ചിത്രകലയെക്കുറിച്ചുള്ള സാമാന്യമായ അറിവ്. മലയാളസിനിമയുടെ ചരിത്രം, അവലോകനം- തിരക്കഥ എന്ന രചനാവിഭാഗത്തെക്കുറിച്ചുള്ള സാമാന്യമായ അറിവ്.

**വിശദപഠനത്തിന്**

ലേഖനം - തിരക്കഥ (എം.ടി വാസുദേവൻ നായർ)

തിരക്കഥ - ഒരിടത്തൊരു ഫയൽവാൻ (പത്മരാജൻ)

**മൊഡ്യൂൾ 3 - ആത്മകഥ, സ്മരണ,**

ജീവിതകഥ, സ്മരണ, അനുഭവം, എന്നിവ സംബന്ധിച്ച എഴുത്ത് മലയാളത്തിൽ ഇന്ന് പ്രബലമാണ്. പ്രസിദ്ധരോ വലിയവരോ ആയവർക്ക് മാത്രമേ ആത്മകഥ എഴുതാനാവൂ എന്ന ധാരണ ഇന്ന് മാറിയിരിക്കുന്നു. ദളിത്. സ്ത്രീ. ന്യൂനപക്ഷ ജീവിതങ്ങൾ അവരുടെ ഭാഷയിൽത്തന്നെ നാം വായിക്കുന്നു. അത് വിശാലമായ അർത്ഥത്തിൽ വംശ - ദേശ ചരിത്രമായി മാറുന്നു.

**വിശദപഠനത്തിന്**

1. വളർന്നുവരുന്ന ഒരാത്മാവ് - വി.ടി. ഭട്ടതിരിപ്പാട് (കണ്ണീരും കിനാവും)
2. സാഹിബ് എന്ന മനുഷ്യൻ - എം. റഷീദ് (മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്)
3. എച്ചിൽ - ദേവകി നിലയങ്കോട്
4. മാട്ട് - വി.കെ. ശ്രീരാമൻ

5. കണ്ടൽജീവിതം - പൊക്കുടൻ
(കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം)

(ഈ സെമസ്റ്ററിൽ ദേവകി നിലയങ്കോട്, എം. റഷീദ്, വി.കെ. ശ്രീരാമൻ, പൊക്കുടൻ എന്നിവരുടെ ലേഖനങ്ങളാണ് പഠിക്കേണ്ടത്.)

**മൊഡ്യൂൾ 4 - സഞ്ചാരസാഹിത്യം**

സഞ്ചാരി തന്റെ യാത്രാനുഭവങ്ങൾ വായനക്കാരുമായി പങ്കുവെക്കാനാഗ്രഹിക്കുമ്പോഴാണ് സഞ്ചാരസാഹിത്യം ഉണ്ടാവുന്നത്. ഒരു സഞ്ചാരസാഹിത്യ കൃതി പഠിക്കുമ്പോൾ അറിയാത്തൊരു ദേശത്തും സംസ്കാരത്തിലും എത്തിപ്പെടുന്നു.

**വിശദപഠനത്തിന്:**
മരുഭൂമിയുടെ ആത്മകഥ - വി. മുസാഫർ അഹമ്മദ്

സഹായകഗ്രന്ഥങ്ങൾ:
1. കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള
2. മലയാളനാടകസാഹിത്യചരിത്രം - ജി. ശങ്കരപിള്ള
3. മലയാളനാടകങ്ങളിലൂടെ - കാട്ടുമാടൻ നാരായണൻ
4. നാടകം കണ്ണിന്റെ കല - ടി.പി. സുകുമാരൻ
5. മലയാളസിനിമയുടെ കഥ - വിജയകൃഷ്ണൻ
6. മലയാളസിനിമയും സാഹിത്യവും - മധു ഇറവങ്കര
7. സിനിമയും സംസ്കാരവും - കെ. ഗോപിനാഥൻ

സെമസ്റ്റർ IV

MAL4AO4 **മലയാളസാഹിത്യം - 4**

പഠനസമയം-90 മണിക്കൂർ
ക്രെഡിറ്റ്-4

സർഗ്ഗാത്മക രചന, വിവർത്തനം, ആശയവിനിമയം, സംസ്കാരപഠനം എന്നിവ അടങ്ങുന്നതാണ് ഈ സെമസ്റ്റർ. ഒപ്പം നോവൽ എന്ന സാഹിത്യരൂപവും ഉൾപ്പെടുത്തിയിരിക്കുന്നു.

**മൊഡ്യൂൾ 1**

**വിശദപഠനത്തിന്**

1. ശൈലിയെപ്പറ്റി ചില ചിന്തകൾ - എസ്. ഗുപ്തൻ നായർ
2. സാഹിത്യസാഹ്യം - ഏ.ആർ. രാജരാജവർമ്മ
3. മാറുന്നമലയാളം - പ്രബോധചന്ദ്രൻ നായർ (മലയാളം മലയാളികളോളം)
4. ശൈലീചിന്ത - എം. എൻ കാരശ്ശേരി (തെളിമലയാളം)

ആശയവിനിമയ രീതികൾ പരിശീലനം

1. പൊതുവിഷയങ്ങൾ ആസ്പദമാക്കി ഉപന്യാസ രചന
2. വാക്യങ്ങളിലെ തെറ്റുതിരുത്തൽ
3. സത്ത ചോർന്നു പോകാതെ സംഗ്രഹിക്കൽ

**മൊഡ്യൂൾ 2**

എഴുത്തുകാരുടെ അനുഭവങ്ങൾ

1. ഉപനയനം - അക്കിത്തം
2. അന്തർധാര - സി. രാധാകൃഷ്ണൻ
3. അവസ്ഥയും ആഖ്യാനവും - ആർ. വിശ്വനാഥൻ
   (അവസ്ഥയും ആഖ്യാനവും - പൂർണ്ണ പബ്ലിക്കേഷൻസ്)
4. കലയും കാലവും - ബി. രാജീവൻ
   (ജനനിബിഡമായ ദന്തഗോപുരം - ചിന്ത പബ്ലിക്കേഷൻസ്)

(ഈ സെമസ്റ്ററിൽ അക്കിത്തം, സി. രാധാകൃഷ്ണൻ, ബി. രാജീവൻ എന്നിവരുടെ ലേഖനങ്ങൾ പഠിച്ചാൽ മതി)

**മൊഡ്യൂൾ 3 - സംസ്കാരചരിത്രം**

സംസ്കാരപഠനത്തിന്റെ മാതൃക പരിചയപ്പെടുത്തുന്നതിലൂടെ സംസ്കാരത്തെ സാമാന്യമായും കേരള സംസ്കാരത്തെ വിശേഷമായും മനസ്സിലാക്കുക.

**വിശദപഠനത്തിന്**

1. ആദിമനിവാസികളും അവരുടെ സംസ്കാരവും - പി.കെ. ഗോപാലകൃഷ്ണൻ
   (കേരളത്തിന്റെ സാംസ്കാരിക ചരിത്രം)
2. കേരളചരിത്രത്തിന്റെ ഇരുളടഞ്ഞ ഏടുകൾ - ഇളംകുളം കുഞ്ഞൻപിള്ള

3. അയ്യങ്കാളി - വേലായുധൻ പണിക്കശ്ശേരി (അയ്യങ്കാളി മുതൽ വി.ടി വരെ)

**മൊഡ്യൂൾ4**

വിവർത്തനം - നിർവ്വചനങ്ങൾ - പൊതുതത്വങ്ങൾ, വിവർത്തനരീതികൾ - ലിപ്യന്തരണം. വിവർത്തനത്തിലൂടെ നടക്കുന്ന സാംസ്കാരിക ധർമ്മം.

**വിശദപഠനത്തിന്**

1. മാർകേസിന്റെ നോബൽസമ്മാന പ്രസംഗം (പരിഭാഷ)
2. തുറന്ന ജനൽ - അനബ്ലാഡിയ (ലോകകഥകൾ)
3. മരിച്ചവരുടെ ആടകൾ (പുതുനാനൂറ് - കവി മനുഷ്യപുത്രൻ) - വിവ (ആറ്റൂർ)
4. ഭാഷ മരിക്കുമ്പോൾ - ഷെൽ എസ്പ്മാർക്ക് (ഉറങ്ങുന്നവർക്കുള്ള കത്തുകൾ) - (വിവ - സച്ചിദാനന്ദൻ)

മലയാള സാഹിത്യത്തിലെ നോവലിനെപ്പറ്റി സാമാന്യധാരണ ഉണ്ടാക്കേണ്ടതാണ്.

**വിശദപഠനത്തിന്:** ഒരു ദളിത് യുവതിയുടെ കദനകഥ - എം. മുകുന്ദൻ

MAL1A01(1)

## സെമസ്റ്റർ-I
## കോമൺ കോഴ്സ്-7
## മലയാള സാഹിത്യ പഠനം - 1

പഠനസമയം-90 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

വാണിജ്യശാസ്ത്ര വിദ്യാർത്ഥികൾക്ക് (BCom, BBA) മലയാള സാഹിത്യത്തെ സാമാന്യമായി പരിചയപ്പെടാൻ അവസരം നൽകുകയും സാഹിത്യത്തിൽ താൽപര്യം ജനിപ്പിക്കുകയും ചെയ്യുക.

വ്യത്യസ്ത സാഹിത്യരൂപങ്ങൾ, സാഹിത്യപ്രസ്ഥാനങ്ങൾ എന്നിവയെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക. വിവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും വിവർത്തനശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, വാണിജ്യശാസ്ത്രപരമായ ആശയവിനിയ ശേഷി വർദ്ധിപ്പിക്കുക.

**മൊഡ്യൂൾ 1-ഗദ്യം**

സാഹിത്യം, സാമൂഹ്യം, സാംസ്കാരികം എന്നീ തലങ്ങളിലെ ലേഖനങ്ങൾ ഉൾപ്പെടുന്ന ഗദ്യസമാഹാരം.

**ലേഖനങ്ങൾ**

1. എന്തിനെഴുതുന്നു - എം.ടി. വാസുദേവൻനായർ (കാഥികന്റെ പണിപ്പുര - കറന്റ്ബുക്സ്, കോട്ടയം)
2. പരിത്യക്തരുടെ രാഷ്ട്രീയം- സച്ചിദാനന്ദൻ (വിത്തുംവൃക്ഷവും - കേരള സാഹിത്യ അക്കാദമി, തൃശൂർ)
3. മലയാളസിനിമയുടെ സാഹിത്യബന്ധം - മധു ഇറവങ്കര (കാലത്തിന്റെ അടരുകൾ - നാഷണൽ ബുക്സ്റ്റാൾ, കോട്ടയം)
4. ഫാസിസത്തിന്റെ മനശാസ്ത്രം - എം.പി. വീരേന്ദ്രകുമാർ (ബുദ്ധന്റെ ചിരി - മാതൃഭൂമി ബുക്സ്, കോഴിക്കോട്)
5. എന്റെ കവിതയെപ്പറ്റി - സുഗതകുമാരി (ഇരുൾചിറകുകളുടെ ആമുഖം)
6. കാട്ടിലെ കിളിക്കൂട്ടം - എൻ.എ. നസീർ (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2013 ജൂൺ 30 ജൂലൈ 6)

(ഈ സെമസ്റ്ററിൽ സച്ചിദാനന്ദൻ, വീരേന്ദ്രകുമാർ, എൻ.എ. നസീർ എന്നിവരുടെ ലേഖനങ്ങളാണ് പഠിക്കേണ്ടത്.)

**മൊഡ്യൂൾ 2 - വിവർത്തനം**

വിവർത്തനം-നിർവ്വചനങ്ങൾ, സ്രോതഭാഷ (Source Language) ലക്ഷ്യഭാഷ (Target Language) വിവർത്തനത്തിലൂടെയുള്ള ആശയവിനിമയം-പ്രസംഗ പരിഭാഷ-സവിരാമ തർജ്ജമ-അവിരാമ തർജ്ജമ-യന്ത്രവിവർത്തനം-വിവർത്തന പുനഃസൃഷ്ടി, ലിപ്യന്തരണം എന്നിവയെക്കുറിച്ചുള്ള സാമാന്യപരിചയം.

വിവർത്തനമാതൃകകൾ എന്ന നിലയിൽ കിഴവനും കടലും, ഏകാന്തതയുടെ നൂറ് വർഷങ്ങൾ, പഥേർപാഞ്ചാലി, കുട്ടികൃഷ്ണമാരാരുടെ പരിഭാഷകൾ എന്നിവ പരിചയപ്പെടുത്തണം.

മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും പരിഭാഷയ്ക്കുള്ള പ്രായോഗികപരിശീലനം നൽകേണ്ടതാണ്.

**വിശദപഠനത്തിന്**

1. തർജ്ജമയിൽ വരാവുന്ന അപാകതകൾ - വിഷ്ണുനാരായണൻ നമ്പൂതിരി (വിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
2. വാണിജ്യശാസ്ത്രം - എം.എം. വാസുദേവൻ നമ്പൂതിരിപ്പാട് (വിവർത്തനം-ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

**മൊഡ്യൂൾ 3-നോവൽ**

കാണുന്നതല്ല കാഴ്ചകൾ - യു.കെ. കുമാരൻ

**മൊഡ്യൂൾ 4**

കയ്റോകത്തുകൾ - എസ്. കെ. പൊറ്റക്കാട്

MAL2AO2(1)

**സെമസ്റ്റർ-II**

**കോമൺ കോഴ്സ്-9**

**മലയാള സാഹിത്യപഠനം - 2**

പഠനസമയം: 90 മണിക്കൂർ

ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

മലയാളഭാഷാസാഹിത്യം - എന്നിവയെപ്പറ്റിയുള്ള പൊതുധാരണകൾ രൂപപ്പെടുത്തുക. ഭാഷയിലെ വിവിധസാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുക.

**മൊഡ്യൂൾ 1 - കവിതകൾ**

മലയാള കവിതാ സാഹിത്യചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളും പ്രവണതകളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടാനാവും വിധമുള്ള കവിതകൾ ഉൾപ്പെടുന്ന ഒരു കാവ്യസമാഹാരം.

1. അച്ഛനും മകളും - വള്ളത്തോൾ
2. കളങ്കമറ്റ കൈ - ബാലാമണിയമ്മ
3. ആരാമത്തിലെ ചിന്തകൾ - ചങ്ങമ്പുഴ
4. സഫലമീയാത്ര - എൻ.എൻ. കക്കാട്
5. ജോസ് ജോസഫിന്റെ മരണം - ജി. കുമാരപിള്ള
6. ഓഗസ്റ്റ് ആറിന് - വിജയലക്ഷ്മി
7. പാവാട - എസ്. ജോസഫ്

(ഈ സെമസ്റ്ററിൽ ബാലാമണിയമ്മ, ചങ്ങമ്പുഴ, വിജയലക്ഷ്മി എന്നിവരുടെ കവിതകളാണ് പഠിക്കേണ്ടത്.)

**മൊഡ്യൂൾ 2 - കഥകൾ**

മലയാള ചെറുകഥയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ, ചെറുകഥാ സാഹിത്യചരിത്രം എന്നിവയെപ്പറ്റി സാമാന്യമായി വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ടതാണ്.

**കഥകൾ**

1. ശബ്ദിക്കുന്ന കലപ്പ - പൊൻകുന്നം വർക്കി
2. ഒട്ടുചെടി - സി.വി. ശ്രീരാമൻ
3. ദൂത് - സേതു
4. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും - സാറാ ജോസഫ്
5. ജീവച്ഛവങ്ങൾ - പുനത്തിൽ കുഞ്ഞബ്ദുള്ള
6. പുതിയ വാതിലുകൾ - അക്ബർ കക്കട്ടിൽ

(ഈ സെമസ്റ്ററിൽ പൊൻകുന്നം വർക്കി, സാറാ ജോസഫ്, അക്ബർ കക്കട്ടിൽ എന്നിവരുടെ കഥകൾ പഠിക്കേണ്ടതാണ്.)

**മൊഡ്യൂൾ 3 - നാടകം**

നാടകം എന്ന സാഹിത്യരൂപം, പാശ്ചാത്യ പൗരസ്ത്യ നാടകസങ്കൽപങ്ങൾ, മലയാള നാടക സാഹിത്യ ചരിത്രം എന്നിവയെപ്പറ്റി സാമാന്യമായി മനസ്സിലാക്കേണ്ടതാണ്.

**വിശദപഠനത്തിന്**

ലങ്കാലക്ഷ്മി - സി.എൻ. ശ്രീകണ്ഠൻ നായർ

**മൊഡ്യൂൾ 4-ആത്മകഥ, ജീവചരിത്രം**

1. ഇവൻ എന്റെ പ്രിയ സിജെ (ആദ്യത്തെ രണ്ട് അദ്ധ്യായം) - റോസി തോമസ്
2. കൊടുങ്കാറ്റ് വീശിയ ദിവസം - മാധവിക്കുട്ടി (ബാല്യകാലസ്മരണകൾ)
3. പ്രകൃതിക്ക് കൊടുക്കുക - ദയാബായി (പച്ചവിരൽ)
4. എഴുത്തിന്റെ ഈറ്റില്ലം - ലളിതാംബിക അന്തർജ്ജനം
5. അഭയം തേടുന്ന തുമ്പപ്പൂവ് - എം.ടി. വാസുദേവൻ നായർ (അമ്മയ്ക്ക്)

(ഈ സെമസ്റ്ററിൽ റോസി തോമസ്, ദയാബായി, ലളിതാംബിക എന്നിവരുടെ ലേഖനങ്ങൾ പഠിക്കേണ്ടതാണ്.)

**സെമസ്റ്റർ-I**

MAL1A01(2)

**കോമൺ കോഴ്സ്-7**

**മലയാളം - ഭാഷയും സാഹിത്യവും - 1**

പഠനസമയം: 72 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

പരമ്പരാഗതമല്ലാത്ത സയൻസ് വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്ര സാംസ്കാരിക മേഖലകളിലേക്ക് മാതൃഭാഷയിലൂടെ ചെന്നെത്താനുള്ള അവസരം നൽകുക.

കവിതാപഠനത്തിലൂടെ സർഗ്ഗാത്മകവിനിമയശേഷി വർദ്ധിപ്പിക്കുക.

വിവർത്തനത്തിന്റെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കുക.

**മൊഡ്യൂൾ 1 -** ഒരു ശാസ്ത്രജ്ഞന്റെ ജീവചരിത്രം

അഗ്നിച്ചിറകുകൾ - എ.പി.ജെ. അബ്ദുൾ കലാം.

**മൊഡ്യൂൾ 2** - ശാസ്ത്രലേഖനങ്ങളുടെ സമാഹാരം

1. ഭൂമിയുടെ ഹരിതകഞ്ചുകം - റേച്ചൽ കാഴ്സൺ (നിശബ്ദവസന്തം - ഡി.സി ബുക്സ്, കോട്ടയം)
2. ഞങ്ങൾ ഭൂമിയുടെ ഭാഗമാണ് - ചീഫ് സിയാറ്റിലിന്റെ കത്ത്
3. പരിവർത്തനത്തിനുള്ള കരുത്ത് - വന്ദനാശിവ (മണ്ണോ എണ്ണയോ-ഡി.സി. ബുക്സ്, കോട്ടയം)
5. ആരുടെയാണീ ഭൂമി - ആർ.വി.ജി. മേനോൻ
6. പരിസ്ഥിതിയും ആധുനികശാസ്ത്രവും-ഡോ. ആർ. ഗോപിമണി (പരിസ്ഥിതിപഠനങ്ങൾ - കറന്റ് ബുക്സ്, കോട്ടയം)
7. അണുവിമുക്ത ലോകം എത്ര സുന്ദരം- ഡോ. പ്രസാദ് എം. അലക്സ് (അപ്പോൾ നാം ദൈവത്തിന്റെ മനസ്സറിയും മാതൃഭൂമി ബുക്സ്, കോഴിക്കോട്)

( ഈ സെമസ്റ്ററിൽ റേച്ചൽ കാഴ്സൺ, വന്ദനാശിവ, ആർ.വി.ജി. മേനോൻ എന്നിവരുടെ ലേഖനങ്ങൾ പഠിച്ചാൽ മതി.)

**മൊഡ്യൂൾ 3 - എ - വിവർത്തനം**

വിവർത്തനം-നിർവ്വചനങ്ങൾ-സ്രോതഭാഷ, ലക്ഷ്യഭാഷ, ബന്ധഭാഷ, വിവർത്തനത്തിന്റെ പ്രാധാന്യം, ശാസ്ത്രകൃതികളുടെ വിവർത്തനത്തിലെ പ്രശ്നങ്ങൾ, യന്ത്രവിവർത്തനം, ലിപ്യന്തരണം എന്നിവയെക്കുറിച്ചുള്ള സാമാന്യപരിചയം. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കും വിവർത്തനം ചെയ്യുന്നതിനുള്ള പ്രായോഗികപരിശീലനം.

**വിശദപഠനത്തിന്**

1. ശാസ്ത്രസാങ്കേതിക ഗ്രന്ഥങ്ങൾ - സി.കെ. മൂസ്സത് (വിവർത്തനം-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
2. തർജ്ജമയിൽ വരാവുന്ന അപാകതകൾ - വിഷ്ണുനാരായണൻ നമ്പൂതിരി (വിവർത്തനം-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

**മൊഡ്യൂൾ 3 - ബി - സഞ്ചാരസാഹിത്യം**

ഒരു ആഫ്രിക്കൻ യാത്ര-സക്കറിയ

(ആദ്യത്തെ പതിനഞ്ച് അദ്ധ്യായങ്ങൾ മാത്രം)

**മൊഡ്യൂൾ 4- കവിത**

മലയാള കവിതാസാഹിത്യത്തിന്റെ വളർച്ച, വിവിധ കാവ്യപ്രസ്ഥാനങ്ങൾ, കവികൾ എന്നിവയെപ്പറ്റി സാമാന്യമായ അറിവ് വിദ്യാർത്ഥിക്ക് ലഭിക്കേണ്ടതാണ്.

1. പ്രേമസംഗീതം - ഉള്ളൂർ
2. ചന്ദ്രന്റെ ചിരി - വൈലോപ്പിള്ളി
3. തീ പിടിച്ച പുര - വിഷ്ണു നാരായണൻ നമ്പൂതിരി
4. പറയൂ പരാതി നീ കൃഷ്ണേ - കടമ്മനിട്ട
5. മഴയുടെ നാനാർത്ഥങ്ങൾ - സച്ചിദാനന്ദൻ
6. ബുദ്ധനും ആട്ടിൻകുട്ടിയും - എ. അയ്യപ്പൻ
7. ചില്ലു തൊലിയുള്ള തവള - സെബാസ്റ്റ്യൻ

(ഈ സെമസ്റ്ററിൽ ഉള്ളൂർ, കടമ്മനിട്ട, അയ്യപ്പൻ എന്നിവരുടെ കവിതകൾ പഠിക്കേണ്ടതാണ്.)

MAL2A02(2)

**സെമസ്റ്റർ-II**

**കോമൺ കോഴ്സ്-9**

**മലയാളം - ഭാഷയും സാഹിത്യവും - 2**

പഠനസമയം: 72 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

മലയാള ഭാഷ, സംസ്കാരം, സാഹിത്യം എന്നിവയെക്കുറിച്ച് സാമാന്യധാരണ രൂപപ്പെടുത്തുക. വിവിധ സാഹിത്യരൂപങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവ പരിചയപ്പെടുത്തുക.

**മൊഡ്യൂൾ 1- ചെറുകഥ**

1. രാച്ചിയമ്മ - ഉറൂബ്
2. കടൽത്തീരത്ത് - ഒ.വി. വിജയൻ
3. ശേഷം - എൻ.എസ്. മാധവൻ
4. എരണ്ടകൾ - പി. വത്സല
5. വാസ്കോഡഗാമ തിരിച്ചുപോവുന്നു - പി.കെ. പാറക്കടവ് (ഹിറ്റ്ലർ സസ്യബുക്കാണ്)
6. കുങ്ഫൂ ഫൈറ്റർ - ഇ. ഹരികുമാർ

(ഈ സെമസ്റ്ററിൽ ഉറൂബ്, എൻ.എസ്. മാധവൻ, പി.കെ. പാറക്കടവ് എന്നിവരുടെ കഥകൾ പഠിക്കേണ്ടതാണ്.)

**മൊഡ്യൂൾ 2-നോവൽ**

ബാല്യകാലസഖി - വൈക്കം മുഹമ്മദ് ബഷീർ

**മൊഡ്യൂൾ 3 - നാടകം**

നാൽക്കവല - കെ.ടി. മുഹമ്മദ്

**മൊഡ്യൂൾ 4- ജീവചരിത്രം, ആത്മകഥ**

1. നടന്റെ മരണം - എം.ടി വാസുദേവൻ നായർ
   (രമണീയം ഒരു കാലം - മാളുബെൻ, പ്രസിദ്ധീകരണം, തിരുവനന്തപുരം)
2. കഥക്കു പിന്നിലെ കഥ - ടി. പത്മനാഭൻ (എന്റെ കഥ - എന്റെ ജീവിതം)
3. മഹാകവി - ബാലചന്ദ്രൻ ചുള്ളിക്കാട് (ചിദംബരസ്മരണ - ഡി.സി. ബുക്സ്, കോട്ടയം)
4. കേളപ്പജിയുടെ നാടകം, തിക്കോടിയൻ (അരങ്ങു കാണാത്ത നടൻ)
5. നീർമാതളം പൂത്തകാലം (അധ്യായം 10) - മാധവിക്കുട്ടി
6. നിറകുടം - ചെറുകാട് (ജീവിതപ്പാത)

(ഈ സെമസ്റ്ററിൽ ടി. പത്മനാഭൻ, തിക്കോടിയൻ, മാധവിക്കുട്ടി, ചെറുകാട് എന്നിവരെയാണ് പഠിക്കേണ്ടത്.)

MAL1B01

## സെമസ്റ്റർ-I
## കോഴ്സ്-1
## മലയാളകവിത നവോത്ഥാനഘട്ടം

പഠനസമയം: 108 മണിക്കൂർ
ക്രെഡിറ്റ്-5

**ഉദ്ദേശ്യലക്ഷ്യങ്ങൾ:**

നവോത്ഥാനം ഇരുപതാംനൂറ്റാണ്ടിലെ കവിതകളിൽ എത്രമാത്രം പ്രതിഫലിച്ചു എന്നു മനസ്സിലാക്കുക. ഈ കാലഘട്ടത്തിലെ വ്യത്യസ്ത കവികളെയും അവരുടെ കാവ്യരചനാ സങ്കേതങ്ങളെയും പരിചയപ്പെടുക. പുതിയ കാഴ്ചപ്പാടിലൂടെ അവയെ അപഗ്രഥിക്കുക.

**മൊഡ്യൂൾ - 1**

മലയാളകവിത-കവിത്രയത്തിനു മുമ്പ്-കേരളീയ നവോത്ഥാനത്തിന്റെ സാമൂഹിക ചരിത്ര പശ്ചാത്തലം-നവോത്ഥാനകാല കവിതകളിലെ നവീന പ്രവണതകൾ, പ്രസ്ഥാനങ്ങൾ, ദേശീയ പ്രസ്ഥാനങ്ങളുടെ സ്വാധീനം.

**വിശദപഠനത്തിന്**

1. കരുണ - കുമാരനാശാൻ
2. ബന്ധനസ്ഥനായ അനിരുദ്ധൻ - വള്ളത്തോൾ

**മൊഡ്യൂൾ-2**

കവിത, കവിത്രയത്തിനു ശേഷം-ഇടപ്പള്ളി പ്രസ്ഥാനം-സാമൂഹിക പ്രതിബദ്ധത-പുതിയ പ്രവണതകൾ

**വിശദപഠനത്തിന്**

1. രമണമൻ - ചങ്ങമ്പുഴ
2. നരബലി - പി. കുഞ്ഞിരാമൻ നായർ

**മൊഡ്യൂൾ-3**

കാൽപനികതയിൽ നിന്നുള്ള കുതറൽ-സാമൂഹിക, രാഷ്ട്രീയ സംഭവങ്ങളുടെ പ്രതിഫലനം.

**വിശദപഠനത്തിന്**

1. ബുദ്ധനും ഞാനും നരിയും - ഇടശ്ശേരി
2. ഗാന്ധിയും ഗോഡ്സെയും - എൻ.വി. കൃഷ്ണവാരിയർ

**മൊഡ്യൂൾ-4**

മലയാളകവിത കാൽപനികതയ്ക്കു ശേഷം-പുതിയ പ്രസ്ഥാനങ്ങളുടെ സ്വാധീനം.

**വിശദപഠനത്തിന്**

1. വിടവാങ്ങൽ - ടി. ഉബൈദ് (ഉബൈദിന്റെ തിരഞ്ഞെടുത്ത കവിതകൾ)
2. നങ്ങേമക്കുട്ടി - ഒളപ്പമണ്ണ

**സഹായകഗ്രന്ഥങ്ങൾ:**


1. മലയാളകവിതാസാഹിത്യചരിത്രം - എം. ലീലാവതി
2. വർണ്ണരാജി - എം. ലീലാവതി
3. കേരളകവിതയിലെ കളിയും ചിരിയും - പ്രസന്നരാജൻ
4. കവിതയും പാരമ്പര്യവും - എൻ. എൻ. കക്കാട്
5. കവിതയും ജനതയും - സച്ചിദാനന്ദൻ
6. കവിതയുടെ കലാതന്ത്രം - ദേശമംഗലം രാമകൃഷ്ണൻ
7. കാവ്യഭാഷയിലെ പ്രശ്നങ്ങൾ - എഡി ദേശമംഗലം രാമകൃഷ്ണൻ

MAL2B02

**സെമസ്റ്റർ-II**
**കോഴ്സ്-2**
**മലയാള ചെറുകഥാ സാഹിത്യം**

പഠനസമയം: 108 മണിക്കൂർ
ക്രെഡിറ്റ്-5

**ഉദ്ദേശ്യലക്ഷ്യങ്ങൾ:**

മലയാളത്തിലെ ഏറ്റവും ജനകീയ ഗദ്യാഖ്യാനരൂപമായ ചെറുകഥയെ കുറിച്ചുള്ള സവിശേഷ പഠനമാണ് ഉദ്ദേശ്യം. ചെറുകഥാചരിത്രത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളെയും പ്രവണതകളെയും പഠനവിധേയമാക്കണം. ചെറുകഥയുടെ സാങ്കേതികതകളെക്കുറിച്ചുള്ള സാമാന്യധാരണ ഉണ്ടാവണം. ചെറുകഥയുടെ സാംസ്കാരിക വിശകലനത്തിലൂടെ വിദ്യാർത്ഥികളിൽ ആസ്വാദനശേഷിയും സർഗ്ഗാത്മകസിദ്ധിയും വളർത്തണം.

**മൊഡ്യൂൾ-1**

ചെറുകഥ - നിർവ്വചനങ്ങൾ - പ്രാഗ് രൂപങ്ങൾ - നാടോടി കഥാപാരമ്പര്യം. ലോകകഥ - ഗദ്യവികാസം - അച്ചടിവിപ്ലവം - ആനുകാലിക പ്രസിദ്ധീകരണങ്ങൾ - കൊളോണിയൽ സ്വാധീനം - ആദ്യകാല കഥാകൃത്തുക്കൾ - ജീവിത പരിവർത്തനത്തിന്റെ മുദ്രകൾ - നവോത്ഥാന കഥ - ദേശീയത - സ്വാതന്ത്ര്യസമരം - സാമൂഹിക മുന്നേറ്റങ്ങൾ - റിയലിസം - കേസരിയുടെ സംഭാവന - ശിൽപഭദ്രത - രൂപവും ഭാവവും.

**വിശദപഠനത്തിന്**

1. ദ്വാരക - വേങ്ങയിൽ കുഞ്ഞിരാമൻ നായർ
2. ടൈഗർ - ബഷീർ
3. ഉതുപ്പാന്റെ കിണർ - കാരൂർ
4. ചോലമരങ്ങൾ - സരസ്വതിഅമ്മ

**മൊഡ്യൂൾ - 2**

സ്വാതന്ത്ര്യപ്രാപ്തി-പട്ടാളകഥകൾ-പുതിയ ലോകബോധം-ഭൂപരിഷ്കരണം-വിമോചനസമരം-വ്യക്തിബോധം-മനഃശാസ്ത്ര വിശകലനങ്ങൾ-കാവ്യാത്മക റിയലിസം-ആത്മനിഷ്ഠം-ഗ്രാമ-നഗര സംഘർഷം-ആവിഷ്കരണ രീതിയിൽ വന്ന മാറ്റങ്ങൾ

**വിശദപഠനത്തിന്**

1. ശിലാലിഖിതം - എം.ടി. വാസുദേവൻ നായർ
2. മകൻ - ടി. പത്മനാഭൻ
3. ആർക്കറിയാം - സക്കറിയ
4. വാസ്തുഹാര - ശ്രീരാമൻ

**മൊഡ്യൂൾ-3**

ആധുനികത - മാറുന്ന ജീവിത പരിസരങ്ങൾ - നഗരവൽക്കരണം - സ്വത്വപ്രതിസന്ധി - ആഖ്യാന പരിസരങ്ങൾ - അസ്തിത്വവാദം - മാറുന്ന സ്ഥലകാല ബോധങ്ങൾ - കറുത്ത ഹാസ്യം - രാഷ്ട്രീയ ആധുനികത - മിത്തിന്റെ രാഷ്ട്രീയ വായന - ശിഥിലബിംബങ്ങൾ - പുതിയ ഭാവുകത്വം

**വിശദപാനത്തിന്**

1. മുണ്ഡനം ചെയ്യപ്പെട്ട ജീവിതം - എം. മുകുന്ദൻ
2. നാലാംയാമം - എം. സുകുമാരൻ
3. ചരിത്ര പുരുഷൻ - ടി. വി. കൊച്ചുബാവ. (വീടിപ്പോൾ നിശബ്ദമാണ്)
4. പന്തിഭോജനം. - സന്തോഷ് എച്ചിക്കാനം

**മൊഡ്യൂൾ-4**

മാറിയ ലോകത്തിന്റെ പ്രതിനിധാനം - ആധുനികത - പുതിയ നൈതിക സമസ്യകൾ - ഉപഭോഗ സംസ്കാരം - അധിനിവേശം - ദലിത് തിരിച്ചറിവുകൾ - പ്രവാസലോകം - സമകാലികമുഖം - ആഗോളീകരണം - പാരസ്ഥികാവബോധം

**വിശദപാനത്തിന്**

1. അമ്മ വന്നു - വി.പി. ശിവകുമാർ
2. ഭ്രാന്ത് - സി. അയ്യപ്പൻ
3. ദാ നോക്കൂ ഒരു പല്ലി - പ്രിയ. എ.എസ്
4. തൽപം - സുഭാഷ് ചന്ദ്രൻ

**സഹായകഗ്രന്ഥങ്ങൾ:**

1. മലയാളചെറുകഥാ സാഹിത്യചരിത്രം - ഡോ. എം. എം. ബഷീർ
2. ചെറുകഥാസാഹിത്യം - എം. പി. പോൾ
3. ചെറുകഥ ഇന്നലെ, ഇന്ന് - എം. അച്യുതൻ.
4. കഥാപഠനങ്ങൾ - പി.കെ. പരമേശ്വരൻ നായർ (ഗ്രന്ഥാവലി)
5. കഥ, ആഖ്യാനവും അനുഭവസത്തയും - കെ. പി. അപ്പൻ
6. ചെറുകഥയുടെ ഛന്ദസ്സ് - വി. രാജകൃഷ്ണൻ
7. കഥയുടെ കഥ - കെ. എസ്. രവികുമാർ
8. 100 വർഷം 100 കഥ - കെ. എസ്. രവികുമാർ
9. കഥയും ഭാവുകത്വ പരിണാമവും - കെ. എസ്. രവികുമാർ

**സെമസ്റ്റർ III**

MAL3B03

**കോഴ്സ് – 3**

**മലയാളകവിത-ഉത്തരഘട്ടം**

പഠനസമയം : 90 മണിക്കൂർ

ക്രെഡിറ്റ് : 4

**ഉദ്ദേശ്യലക്ഷ്യങ്ങൾ:**

മലയാളകവിതയിൽ സംഭവിക്കുന്ന ഭാവുകത്വപരിണാമങ്ങൾ തിരിച്ചറിയുക. കവിതയുടെ ലാവണ്യാനുഭവം, കാവ്യഭാഷയുടെ പ്രത്യേകതകൾ, അധികാരത്തിന്റെ വിനിമയബന്ധങ്ങൾ.

ആഖ്യാനത്തിലെ പുതുവഴികൾ - വിമർശനാത്മകമായ എഴുത്തുപ്രവണതകൾ - ചൊൽകാഴ്ചകൾ- പരിസ്ഥിതി, സ്ത്രീ തുടങ്ങിയ വിഷയങ്ങൾക്ക് ലഭിച്ച സ്വീകാര്യത - വ്യത്യസ്ത അന്വേഷണങ്ങൾ - സമീപന വൈവിധ്യങ്ങൾ - ഭാഷയുടെ ബഹുവിധ സാധ്യതകൾ.

**മൊഡ്യൂൾ – 1**

1. ഉർവ്വശീനൃത്തം - വിഷ്ണുനാരായണൻ നമ്പൂതിരി
2. ദിവ്യദുഃഖത്തിന്റെ നിഴലിൽ- ആർ. രാമചന്ദ്രൻ
3. പാതാളത്തിലെ മുഴക്കം -എൻ. എൻ. കക്കാട്
4. കാളകൾ - പി. ഭാസ്കരൻ

**മൊഡ്യൂൾ – 2**

1. മൃത്യുപൂജ - അയ്യപ്പപ്പണിക്കർ
2. ആയിരം നാവുള്ള മൗനം- യൂസഫലി കേച്ചേരി
3. കോഴി - കടമ്മനിട്ട
4. നീതിയുടെ വൃക്ഷം - സച്ചിദാനന്ദൻ

**മൊഡ്യൂൾ – 3**

1. മേഘരൂപൻ - ആറ്റൂർ രവിവർമ്മ
2. അവസരോചിതൻ - ചെമ്മനം ചാക്കോ
3. കഥനം - കെജി ശങ്കരപ്പിള്ള
4. വീട്ടിലേക്കുള്ള വഴി - ഡി. വിനയചന്ദ്രൻ

**മൊഡ്യൂൾ – 4**

1. മാനസാന്തരം - ബാലചന്ദ്രൻ ചുള്ളിക്കാട്
2. പാസഞ്ചർ - മോഹനകൃഷ്ണൻ കാലടി
3. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ - വി. എം. ഗിരിജ
4. സ്മാരകം - വീരാൻകുട്ടി

**സഹായകഗ്രന്ഥങ്ങൾ:**

1. മലയാളകവിതാസാഹിത്യചരിത്രം - എം. ലീലാവതി
2. വർണ്ണരാജി - എം. ലീലാവതി
3. കേരളകവിതയിലെ കളിയും ചിരിയും - പ്രസന്നരാജൻ
4. കവിതയും പാരമ്പര്യവും - എൻ. എൻ. കക്കാട്
5. കവിതയും ജനതയും - സച്ചിദാനന്ദൻ
6. കവിതയുടെ കലാതന്ത്രം - ദേശമംഗലം രാമകൃഷ്ണൻ
7. കാവ്യഭാഷയിലെ പ്രശ്നങ്ങൾ - എഡി ദേശമംഗലം രാമകൃഷ്ണൻ

MAL3B04

**സെമസ്റ്റർ-III**
**കോഴ്സ്-4**
**നാടകം/തിരക്കഥ**

പഠനസമയം : 72 മണിക്കൂർ
ക്രെഡിറ്റ് : 4

**ഉദ്ദേശ്യലക്ഷ്യങ്ങൾ:**

1. മലയാള നാടകചരിത്രത്തെക്കുറിച്ച് അവബോധമുണ്ടാക്കുക.
2. കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിൽ നാടകം ചെലുത്തിയ സ്വാധീനം ബോധ്യപ്പെടുത്തണം.
3. നാടക കലാരൂപത്തിന്റെ ഘടന-ആവിഷ്ക്കാരതലങ്ങളിലുള്ള സവിശേഷതകൾ ബോധ്യപ്പെടുത്തണം.
4. നാടകത്തിന്റെ രംഗഭാഷ, ശരീരഭാഷ, സാഹിത്യഭാഷയിലെ ഭാഷാഭേദവിസ്മയങ്ങൾ, ശബ്ദനിയന്ത്രണം, നാടകദർശനം എന്നിവ മനസ്സിലാക്കുക.
5. അരങ്ങ്, സംവിധാനം, ചമയം, പശ്ചാത്തലസംഗീതം, ശബ്ദക്രമീകരണം, വെളിച്ചവിതാനം എന്നിവയെപ്പറ്റിയുള്ള സാമാന്യജ്ഞാനം നേടുക.
6. നാടക സാഹിത്യപഠനത്തിലും നാടകാവതരണത്തിലും തുടർപഠനത്തിലും ഗവേഷണത്തിലും അഭിരുചി വളർത്തുക.

**മൊഡ്യൂൾ 1**

മലയാളത്തിലെ ആദ്യകാലനാടകങ്ങൾ - തർജമകൾ - സംഗീതനാടകം - പ്രഹസനം തുടങ്ങിയവയെക്കുറിച്ച് സാമാന്യധാരണ.

**വിശദപഠനത്തിന്**

1. ഈഡിപ്പസ് രാജാവ്-സോഫോക്ലിസ് (പരിഭാഷ: സി.ജെ. തോമസ്)
2. സ്വപ്നവാസവദത്തം - ഭാസൻ (പരിഭാഷ: കാവാലം)

മലയാളത്തിലെ ഗ്രീക്ക്-സംസ്കൃത നാടക വിവർത്തനങ്ങളെക്കുറിച്ച് ഏകദേശ ധാരണ വിദ്യാർത്ഥികൾക്ക് ഈ മൊഡ്യൂളിൽ നൽകണം.

**മൊഡ്യൂൾ 2**

ആധുനിക നാടകവേദിയുടെ വികാസം - പാശ്ചാത്യസമ്പർക്കം - സംഘടിതനാടകങ്ങൾ - യഥാതഥവേദി - സാമൂഹികരാഷ്ട്രീയ നാടകങ്ങൾ - പുതുപ്രമേയം - പുരോഗമനസാഹിത്യ പ്രസ്ഥാനവും നാടകവേദിയും.

**വിശദപഠനത്തിന്**

1. കൂട്ടുകൃഷി - ഇടശ്ശേരി
2. കന്യക - എൻ. കൃഷ്ണപിള്ള
3. ലങ്കാലക്ഷ്മി - സി.എൻ. ശ്രീകണ്ഠൻനായർ

**മൊഡ്യൂൾ 3**

കേരളത്തിന്റെ പ്രാദേശിക നാടകപാരമ്പര്യം - ദേശീയ ബോധത്തിന്റെ സ്വാധീനം രംഗവേദിയിൽ-സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾ - നാടകകൂട്ടായ്മകൾ - പ്രൊഫഷണൽ അമേച്വർ സങ്കല്പങ്ങൾ - തനതു നാടകവേദി - മലയാള നാടകവേദിയിൽ വന്ന മാറ്റങ്ങൾ- സ്ത്രീപക്ഷവേദി-മലയാള രംഗവേദിയും- റേഡിയോ നാടകങ്ങൾ- തെരുവുനാടകങ്ങൾ.

**വിശദപഠനത്തിന്**

1. ദൈവത്താർ - കാവാലം
2. രാവുണ്ണി - പി.എം. താജ്
3. റോസ്മേരി പറയാനിരുന്നത്- സതീഷ് കെ സതീഷ്

**മൊഡ്യൂൾ 4 -**

തിരക്കഥ, തിരക്കഥയിൽ നിന്ന് സിനിമയിലേക്കുള്ള മാറ്റം - തിരക്കഥകളെ പരിചയപ്പെടൽ - നോവൽ കഥ, നാടകം എന്നിവയിൽ നിന്നുള്ള അനുകൽപനങ്ങൾ (Adaptation)

**വിശദപഠനം - തിരക്കഥ**

മഴ - ലെനിൻ രാജേന്ദ്രൻ

**സഹായകഗ്രന്ഥങ്ങൾ**

| | |
|---|---|
| കേരളത്തിലെ നാടോടിനാടകങ്ങൾ | -ഡോ. എസ്.കെ. നായർ |
| സംഗീത നാടകചരിത്രം | -കെ.പി.എസ്. മേനോൻ |
| മലയാള നാടകചരിത്രം | -പ്രൊഫസർ. ജി. ശങ്കരപിള്ള |
| ഉയരുന്ന യവനിക | -സി.ജെ. തോമസ് |
| നാടക പ്രവേശിക | -ഏ.ഡി. ഹരിശർമ |
| പൗരസ്ത്യ നാടകദർശനം | -പുത്തൻകാവ് മാത്തൻതരകൻ |
| മലയാള നാടകപ്രസ്ഥാനം | -കാട്ടുമാടം നാരായണൻ |
| നാടകദർപ്പണം | -എൻ.എൻ.പിള്ള |
| കർട്ടൻ | -എൻ.എൻ. പിള്ള |
| അഭിനയത്തിന്റെ രസതന്ത്രം | -മുരളി |
| വിദ്വാൻ പി. കേളുനായരുടെ ഡയറിക്കുറിപ്പുകൾ | -എഡി. ഇ.പി. രാജഗോപാലൻ |
| ബോധന നാടകവേദി | -എൻ.ആർ. ഗ്രാമപ്രകാശ് |
| നാടകദർശനം | -ജി. ശങ്കരപ്പിള്ള |
| നാടകക്കളരി | -സി.ജെ. സ്മാരക പ്രസംഗസമിതി |
| രംഗാവതരണം | -കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| നാടകം ഒരു പഠനം | -സി.ജെ. സിംപോസിയം |
| നാടകത്തിലേക്കൊരു നടപ്പാത | -എ.പി.പി നമ്പൂതിരി |
| നാടകം കണ്ണിന്റെ കല | -ടി.പി. സുകുമാരൻ |
| അരങ്ങും പൊരുളും | -ആർ. നരേന്ദ്രപ്രസാദ് |
| നാടകീയം | -കൈനിക്കര |
| ബ്രഹ്റ്റിന്റെ കല | -സച്ചിദാനന്ദൻ |
| ബർത്തോൾഡ് ബ്രഹ്റ്റ് | -ജി. ശങ്കരപ്പിള്ള |
| Dramatic Experience | -J.L. Styan |
| Introduction to study of Literature | -Hudson (Chapter On Drama only) |
| Theatre of the Absurd | -Martin Esslin |
| Theory of the Modern stage | -Eric Bendtly |
| Theatre as Sign System | -Elania Astom George Savona |
| Right to perform | -Sefdentiashi |
| Third Theatre | -Badel Sarcar |
| ലോകസിനിമ | -വിജയകൃഷ്ണൻ |
| ഇന്ത്യൻ സിനിമ | -എം.എഫ്. തോമസ് |
| മലയാള സിനിമയുടെ കഥ | -വിജയകൃഷ്ണൻ |
| മലയാളസിനിമാപഠനങ്ങൾ | - സി.എസ്. വെങ്കിടേശൻ |
| ലോകസിനിമായാത്രകൾ | - ജി. പി. രാമചന്ദ്രൻ |

| | |
|---|---|
| സിനിമയുടെ ഇടങ്ങൾ | -സി.വി. ബാലകൃഷ്ണൻ |
| കാഴ്ചയുടെ അശാന്തി | -വി. രാജകൃഷ്ണൻ |
| ചലച്ചിത്രത്തിന്റെ പൊരുൾ | -വിജയകൃഷ്ണൻ |
| സിനിമയുടെ ലോകം | -അടൂർ ഗോപാലകൃഷ്ണൻ |
| സിനിമയുടെ വഴിയിൽ | -ഐ. ഷണ്മുഖദാസ് |
| മലമുകളിൽ മഞ്ഞുപെയ്യുന്നു | -ഐ. ഷണ്മുഖദാസ് |
| സിനിമയും സംസ്കാരവും | -കെ. ഗോപിനാഥൻ |
| സഞ്ചാരിയുടെ വീട് | -ഐ. ഷണ്മുഖദാസ് |
| സിനിമയിലെ ശരീരഭാഷ | -ജോസ്. കെ. മാനുവൽ (കറന്റ് ബുക്സ്) |

MAL4B05

സെമസ്റ്റർ-IV
കോഴ്സ്-5
ഭാഷാശാസ്ത്രവും ഭാഷാചരിത്രവും

പഠനസമയം: 90 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ:**

ആധുനിക ഭാഷാശാസ്ത്ര സിദ്ധാന്തങ്ങളെ സംബന്ധിച്ച് സാമാന്യജ്ഞാനം ഉണ്ടാക്കിയെടുക്കുക.
ആധുനിക ഭാഷാശാസ്ത്രത്തിലെ പരികൽപനകളെ സാമാന്യമായി പരിചയപ്പെടുക. അവയെ മലയാള ഭാഷയുടെ വ്യത്യസ്ത വ്യവഹാരങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുക.
ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ് കേരളസമൂഹവുമായി അതിനെ താരതമ്യം ചെയ്ത് പഠനവിധേയമാക്കുക
ഭാഷയും അധികാരവും, സാമൂഹിക വിവേചനം, ഭാഷാമനോഭാവം തുടങ്ങിയ ഘടകങ്ങളെ മലയാള സന്ദർഭത്തിൽ മനസ്സിലാക്കുക
മലയാളഭാഷയുടെ ചരിത്രവും വികാസപരിണാമങ്ങളും പരിചയപ്പെടുക
മലയാളഭാഷ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അവബോധം ജനിപ്പിക്കുക

**മൊഡ്യൂൾ-1**
ഭാഷാശാസ്ത്രപഠനം

1. ഭാഷ, നിർവ്വചനം - ആശയവിനിമയ വ്യവസ്ഥ, ശിശുഭാഷ, ഭാഷാചിഹ്നം, സൂചക - സൂചിത വ്യത്യാസം - വാമൊഴി വരമൊഴി

2. ഭാഷാവൈവിധ്യങ്ങൾ - മാതൃഭാഷ, പ്രഥമഭാഷ - ദ്വിതീയഭാഷ, ഔദ്യോഗികഭാഷ, വ്യവഹാരഭാഷ, മാനകഭാഷ - മാനകേതരഭാഷ, ജീവത്ഭാഷ, മൃതഭാഷ

3. ഭാഷാശാസ്ത്ര സമീപനങ്ങൾ: ചരിത്രാത്മക ഭാഷാശാസ്ത്രം, താരതമ്യാത്മകം, വിവരണാത്മകം, വ്യതിരേകാത്മകം, ഘടനാത്മകം, പ്രയുക്തഭാഷാശാസ്ത്രം

4. ഭാഷാവിഭജനരീതികൾ: ആനുവംശികം, കക്ഷ്യാപരം, കക്ഷ്യാവിഭജനത്തിൽ മലയാളത്തിന്റെ സ്ഥാനം, ദ്രാവിഡഗോത്രം, പ്രധാന ദ്രാവിഡഭാഷകൾ.

**സഹായക ഗ്രന്ഥങ്ങൾ**

ആധുനിക ഭാഷാശാസ്ത്രം - കെ.എം. പ്രഭാകരവാരിയർ, ശാന്ത അഗസ്റ്റിൻ
ഭാഷാവലോകനം - കെ.എം. പ്രഭാകരവാരിയർ
ഭാഷാശാസ്ത്ര വിവേകം - കെ.എം. പ്രഭാകരവാരിയർ
ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ - വി.ആർ. പ്രബോധചന്ദ്രൻ നായർ
ദ്രാവിഡഭാഷകൾ - (വിവ.) വി.ആർ പ്രബോധചന്ദ്രൻ നായർ
ഭാഷയും പഠനവും - വി.ഐ. സുബ്രഹ്മണ്യം
വിവർത്തനത്തിന്റെ ഭാഷാശാസ്ത്ര ഭൂമിക - വി.ആർ. പ്രബോധചന്ദ്രൻ നായർ
A Course in Modern Linguistics-C.F. Hockett
Modern Linguistics-S.K. Varma & Krishnamurti

**മൊഡ്യൂൾ-2**
ഭാഷാഘടന

1. സ്വനവിജ്ഞാനം: സ്വനം, ഉപസ്വനം, മലയാളത്തിലെ ശബ്ദോൽപാദനം: സ്വരം, വ്യഞ്ജനം, അക്ഷരം, അക്ഷരമാല, വർണം - ലിപി - അക്ഷരം ഇവ തമ്മിലുള്ള വ്യത്യാസം, മലയാളത്തിന്റെ ലിപിചരിത്രം, ലിപി വ്യവസ്ഥയിലെ പ്രശ്നങ്ങൾ - പരിഷ്കരണ ശ്രമങ്ങൾ -പുതിയ പ്രവണതകൾ

2. സ്വനിമ വിജ്ഞാനം, രൂപിമവിജ്ഞാനം - സ്വനിമം, വ്യതിരേകം/പൂരകവിതരണം. മലയാളത്തിലെ

രൂപിമങ്ങൾ പ്രകൃതി/പ്രത്യയം, സ്വതന്ത്രം/ബദ്ധം

3. വാക്യവിചാരം, വാക്യഘടന, മലയാളത്തിലെ വാക്യമാതൃകകൾ, രചനാന്തരണ വാക്യഘടന സിദ്ധാന്തം (സാമാന്യമായ പരിചയം മാത്രം)

4. അർഥസമീപന രീതികൾ: അർഥ പരിണാമം, അർഥവും സമൂഹവും, പര്യായം, നാനാർഥം, വിപരീതം, ആർഥികക്ഷേത്രം, സാങ്കേതിക പദനിർമാണം

**സഹായകഗ്രന്ഥങ്ങൾ**

സ്വനവിജ്ഞാനം - വി.ആർ. പ്രബോധചന്ദ്രൻ നായർ
ഭാഷാദർശനവും ചരിത്രവും - കെ. കുഞ്ചുണ്ണിരാജാ
ഭാഷാർഥം - ടി.ബി. വേണുഗോപാലപ്പണിക്കർ
ലിപികളും മാനവ സംസ്കാരവും - കെ.എ. ജലീൽ
അറിവും ഭാഷയും - ഡോ. പി.എം. ഗിരീഷ്
മലയാളം അച്ചടിയും എഴുത്തും - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്റ്റൈൽ പുസ്തകം
Indian Theory of Meaning-Dr. K. Kunjunni Raja

**മൊഡ്യൂൾ-3**

സാമൂഹിക ഭാഷാശാസ്ത്രം

1. സാമൂഹിക ഭാഷാശാസ്ത്രം - സാമാന്യാവലോകനം, ഭാഷയും സമൂഹവും, സാമൂഹിക ചരങ്ങളും ഭാഷാചരങ്ങളും. ഭാഷാ സാമൂഹിക വിജ്ഞാനം

2. ഭാഷാഭേദവിജ്ഞാനം - വ്യത്യസ്തതകളും ഭാഷയും, കേരളത്തിലെ ഭാഷാഭേദങ്ങൾ, പൊതുമലയാളം, മാനകമലയാളം തുടങ്ങിയ പരികൽപനകൾ

3. ഭാഷയും അധികാരവും: അധികാരഭാഷ, ആചാരഭാഷ, പേരുകളെക്കുറിച്ചുള്ള വിവിധ പഠനങ്ങൾ, വിലക്കുഭാഷ, തെറിഭാഷ, ടാബു, ഊണവും അധികാരവും

4. ഭാഷാമനോഭാവം, ഭാഷാസംരക്ഷണം, ഭാഷാസൂത്രണം, ഭാഷാപദവി, ഭരണഭാഷ, അധ്യയനമാധ്യമം, മലയാളഭാഷ നേരിടുന്ന വെല്ലുവിളികൾ

**സഹായകഗ്രന്ഥങ്ങൾ**

സാമൂഹിക ഭാഷാശാസ്ത്രം - ഉഷാ നമ്പൂതിരിപ്പാട്
ലീലാതിലകം സാമൂഹിക ഭാഷാശാസ്ത്ര ദൃഷ്ടിയിൽ - എസ്.വി. ഷണ്മുഖം
വാക്കിന്റെ വഴികൾ - ടി.ബി. വേണുഗോപാലപ്പണിക്കർ
അധികാരവും ഭാഷയും - പി.എം. ഗിരീഷ്
സ്വത്വവും വിനിമയവും - പി.എം. ഗിരീഷ്
കേരളത്തിലെ ആചാരഭാഷ - പി. എം. ഗിരീഷ്
ഭാഷാഭേദവിജ്ഞാനം - പി. സോമശേഖരൻ നായർ
ഭാഷാലോകം - ടി.ബി. വേണുഗോപാലപ്പണിക്കർ
മലയാളിയുടെ മലയാളം - എസ്. രാജശേഖരൻ
തെളിമലയാളം - എം.എൻ. കാരശ്ശേരി
മലയാളം മലയാളിയോളം - വി.ആർ. പ്രബോധചന്ദ്രൻ നായർ
നമ്മുടെ ഭാഷ - ഇ.എം.എസ്
വംശീയതയും ഭാഷയും-കെ.കെ. ബാബുരാജ് (ഭാഷ, സ്വത്വം, അധികാരം പി.എം. ഗിരീഷിന്റെ പഠനം)
വാക്യഘടന - ഇ.വി.എൻ. നമ്പൂതിരി
അധികാരത്തിന്റെ ഭാഷാവഴക്കങ്ങൾ - ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ
Language planning - E. Annamalai
Language Movements in India- E. Annamalai
Sociolinguistics An Introduction-Peter Trudgill

**മൊഡ്യൂൾ-4**

മലയാളഭാഷ - ചരിത്രവും പരിണാമവും

1. ഭാഷയുടെ ചരിത്രപുനർനിർമാണം-ആന്തരിക/ബാഹ്യപുനസൃഷ്ടി, പ്രാഗ്ഭാഷാസങ്കൽപം

2. മലയാള ഭാഷാരൂപീകരണ സിദ്ധാന്തങ്ങൾ: സംസ്കൃതജന്യം, സ്വതന്ത്രവാദം, ഉപശാഖാവാദം, പൂർവ - തമിഴ് മലയാളവാദം, ഭാഷാസംക്രമണവാദം

3. മലയാളഭാഷയുടെ വികാസപരിണാമങ്ങൾ - കേരളപാണിനിയുടെ ആറുനയങ്ങളും അവയുടെ വിമർശനങ്ങളും

4. മലയാളഭാഷയുടെ വളർച്ചയും മാറ്റങ്ങളും. അന്യഭാഷാ സ്വാധീനങ്ങൾ, മലയാളത്തിലെ പരകീയപദങ്ങൾ

5. ആനുകാലിക മലയാളത്തിന്റെ സവിശേഷതകൾ-നവ മാധ്യമങ്ങളും മലയാളഭാഷയും, പരസ്യഭാഷ, കോംപിയറിംഗ് മലയാളം, എസ്.എം.എസ് മലയാളം, സൈബർഭാഷയുടെ പ്രത്യേകതകൾ

**സഹായകഗ്രന്ഥങ്ങൾ**


കേരളഭാഷയുടെ വികാസപരിണാമങ്ങൾ - ഇളംകുളം കുഞ്ഞൻപിള്ള

ഭാഷാചരിത്രം - എസ്.വി. വേണുഗോപൻ നായർ (എഡിറ്റർ)

പൂർവകേരളഭാഷ - കെ.എം. പ്രഭാകരവാരിയർ

മലയാളഭാഷാപരിണാമം: സിദ്ധാന്തങ്ങളും വസ്തുതകളും - തിരുനല്ലൂർ കരുണാകരൻ

കേരളഭാഷാവിജ്ഞാനീയം - കെ. ഗോദവർമ്മ

കേരളപാണിനീയം - എ.ആർ. രാജരാജവർമ

കൈരളീ ശബ്ദാനുശാസനം - കെ.സുകുമാരൻപിള്ള

മലയാളഭാഷാ ചരിത്രം - ഇ.വി.എൻ നമ്പൂതിരി

മലയാളം: മാറ്റവും വളർച്ചയും - കെ.എം. പ്രഭാകരവാരിയർ

മലയാളത്തിലെ പരകീയപദങ്ങൾ - പി.എം. ജോസഫ്

കേരളത്തിലെ ഭാഷകൾ - എം. ശ്രീനാഥൻ

തിരമൊഴി - പി.പി. രാമചന്ദ്രൻ

സെമസ്റ്റർ-IV

MAL4B06

കോഴ്സ്-6

## നോവൽ സാഹിത്യം

പഠനസമയം: 72 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ:**

നോവൽ സാഹിത്യത്തെ സംബന്ധിച്ച് സാമാന്യമായ അവബോധം നൽകുക
മലയാള നോവൽ സാഹിത്യത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുക
സമകാലിക നോവലിന്റെയും ചെറുകഥയുടെയും സ്വഭാവങ്ങൾ തിരിച്ചറിയുക
വിവർത്തനനോവലുകളെ സാമാന്യമായി പരിചയപ്പെടുക

**മൊഡ്യൂൾ-1**

നോവൽ - നിർവ്വചനങ്ങൾ - നോവൽ പാശ്ചാത്യ സാഹിത്യരൂപം - നോവെല്ലകളും റൊമാൻസുകളും - ഇടത്തരക്കാരന്റെ സാഹിത്യരൂപം - ആഖ്യാനരീതിയുടെ വൈവിധ്യം - മലയാളത്തിലെ ആദ്യകാല നോവലുകൾ - ഘാതകവധം - പുല്ലേലികുഞ്ചു - കുന്ദലത - സാമൂഹിക നോവലുകൾ - ഇന്ദുലേഖ, ശാരദ - സി. വി.യുടെ ചരിത്രാഖ്യായികൾ - നോവലിന്റെ വളർച്ച - പാശ്ചാത്യ സിദ്ധാന്തങ്ങളുടെ കടന്നുവരവ് - സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അവബോധം - പുരോഗമന സാഹിത്യപ്രസ്ഥാനം - സാധാരണക്കാരുടെ ജീവിതം നോവലുകളിൽ - ജീവത്സാഹിത്യം - രാഷ്ട്രീയ പശ്ചാത്തലം - തകഴി, ദേവ്, ബഷീർ, പൊറ്റക്കാട്, ഉറൂബ്, പാറപ്പുറത്ത്, ചെറുകാട്, സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്, ലളിതാംബിക അന്തർജ്ജനം എന്നിവരുടെ കൃതികൾ.

**വിശദപഠനത്തിന്**

1. ഇന്ദുലേഖ -ചന്തുമേനോൻ
2. രാമരാജബഹദൂർ - സി.വി. രാമൻപിള്ള
3. ഉമ്മാച്ചു - ഉറൂബ്
4. അഗ്നിസാക്ഷി - ലളിതാംബിക അന്തർജ്ജനം

**അധിക വായനയ്ക്ക്**

1. ഓടയിൽ നിന്ന് - കേശവദേവ്
2. രണ്ടിടങ്ങഴി - തകഴി
3. വിഷകന്യക - എസ്.കെ പൊറ്റക്കാട്
4. ന്റുപ്പുപ്പാക്കൊരാനണ്ടാർന്ന് - ബഷീർ
5. അരനാഴിക നേരം - പാറപ്പുറത്ത്
6. മണ്ണിന്റെ മാറിൽ - ചെറുകാട്

**മൊഡ്യൂൾ-2**

പുതിയ സാമൂഹിക ദർശനം വ്യക്തി-കേന്ദ്രീകൃതമായ ആവിഷ്കാരങ്ങൾ - പുതിയ ആവിഷ്കാരരീതികൾ - ഭാഷാ സവിശേഷതകൾ - ശക്തമായ അന്തർമുഖത്വം - നിസ്സംഗത - ആത്മരോഷത്തിന്റെ കഥകൾ.

എം.ടി, മാധവിക്കുട്ടി, രാജലക്ഷ്മി, നന്തനാർ, സി. രാധാകൃഷ്ണൻ, എൻ.പി. മുഹമ്മദ് തുടങ്ങിയവരുടെ രചനകൾ.

നോവലിൽ ആധുനികതയുടെ ആവിർഭാവവും സ്വാധീനങ്ങളും - ആവിഷ്ക്കരണരീതിയിൽ വന്ന മാറ്റങ്ങൾ - വ്യക്തിയും സമൂഹവും തമ്മിലുള്ള പൊരുത്തക്കേടുകൾ - അസ്തിത്വദർശനം - അന്യവൽക്കരണം

- ഒ.വി. വിജയൻ - എം. മുകുന്ദൻ - കാക്കനാടൻ - സേതു - സക്കറിയ - ആനന്ദ് - പുനത്തിൽ കുഞ്ഞബ്ദുള്ള - മേതിൽ രാധാകൃഷ്ണൻ എന്നിവരുടെ രചനകൾ.

**വിശദപഠനത്തിന്**

1. മഞ്ഞ് - എം.ടി വാസുദേവൻ നായർ
2. ദൈവത്തിന്റെ കണ്ണ് - എൻ.പി. മുഹമ്മദ്
3. ഖസാക്കിന്റെ ഇതിഹാസം - ഒ.വി. വിജയൻ

**അധികവായനയ്ക്ക്**

1. ഒരു വഴിയും കുറെ നിഴലുകളും - രാജലക്ഷ്മി
2. പാണ്ഡവപുരം - സേതു
3. ഉഷ്ണമേഖല - കാക്കനാടൻ
4. മരുഭൂമികൾ ഉണ്ടാവുന്നത് - ആനന്ദ്
5. സ്മാരകശിലകൾ - പുനത്തിൽ കുഞ്ഞബ്ദുള്ള
6. സൂര്യവംശം - മേതിൽ രാധാകൃഷ്ണൻ
7. പാണ്ഡവപുരം - സേതു

**മൊഡ്യൂൾ-3**

പുത്തൻ ദർശനങ്ങളുടെയും ആശയങ്ങളുടെയും കടന്നുവരവ് - സ്ത്രീവാദം - പരിസ്ഥിതിവാദം മുതലായവ നോവലിനെ സ്വാധീനിക്കുന്നു.

സ്ത്രീവാദം - പരിസ്ഥിതിവാദം - പരിസ്ഥിതി സ്ത്രീവാദം എന്നിവയെപ്പറ്റിയുള്ള പൊതുവിവരങ്ങൾ, പാർശ്വവൽക്കൃത സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, നോവലിന്റെ പ്രമേയം എന്ന നിലയിൽ പ്രവാസത്തിന്റെ ദുരന്തങ്ങൾ നോവലിന് വിഷയമാവുന്നത്.

**വിശദപഠനത്തിന്**

1. ആലാഹയുടെ പെൺമക്കൾ - സാറാ ജോസഫ്
2. ജൈവം - പി. സുരേന്ദ്രൻ
3. കൊച്ചരേത്തി - നാരായൻ
4. ആടുജീവിതം - ബന്യാമിൻ

**അധികവായനയ്ക്ക്**

1. നെല്ല് - പി. വത്സല
2. എൻ മകജെ - അംബികാസുതൻ മാങ്ങാട്
3. ആരാച്ചാർ - കെ.ആർ. മീര
4. പിറ - സി.എസ്. ചന്ദ്രിക
5. മാവേലിമന്റം - കെ.ജെ. ബേബി

**മൊഡ്യൂൾ-4**

നോവൽ തർജ്ജുമകൾ - ഭാഷയുടെയും സംസ്കാരത്തിന്റെയും ആദാനപ്രദാനങ്ങൾ - വിവിധ ലോകഭാഷകളിലെയും ഭാരതീയ ഭാഷകളിലെയും നോവൽ തർജ്ജമകൾ മലയാളത്തിലേക്ക് എത്തിയവയുമായുള്ള പരിചയം - കന്നട-ഹിന്ദി - ബംഗാള ി- ഫ്രഞ്ച് - ലാറ്റിൻ അമേരിക്കൻ നോവലുകളുമായുള്ള പരിചയം - നമ്മുടെ നോവൽ സാഹിത്യത്തിൽ തർജ്ജമകൃതികളിലൂടെ ലഭിച്ച പുതിയ ഉണർവ്വുകൾ.

**വിശദപഠനത്തിന്**

1. ആരോഗ്യനികേതനം
2. കോളറാക്കാലത്തെ പ്രണയം - മാർക്വേസ്

3. കുഞ്ഞു കാര്യങ്ങളുടെ ഒടയതമ്പുരാൻ

**സഹായക ഗ്രന്ഥങ്ങൾ**


1. നോവൽ സാഹിത്യം - എം.പി. പോൾ
2. മലയാള നോവൽ സാഹിത്യചരിത്രം - ഡോ. കെ.എം. തരകൻ
3. ആദ്യകാല മലയാളനോവൽ - ഡോ. ജോർജ്ജ് ഇരുമ്പയം
4. ചരിത്രനോവൽ മലയാളത്തിൽ - കൽപറ്റ ബാലകൃഷ്ണൻ
5. സി.വി. ചരിത്രാഖ്യായികകളിലൂടെ - എം.കെ. കൃഷ്ണൻ
6. പ്രതിപാത്രം ഭാഷണഭേദം - എൻ. കൃഷ്ണപിള്ള
7. ദൈവനീതിക്ക് ദാഷിണ്യമില്ല - ഡോ. കെ. ഭാസ്കരൻ നായർ
8. അന്ധനായ ദൈവം - പി.കെ. രാജശേഖരൻ
9. മലയയാള നോവൽ 19-ാം നൂറ്റാണ്ടിൽ - ജോർജ് ഇരുമ്പയം
10. നോവൽ സിദ്ധിയും സാധനയും - പി. കെ. ബാലകൃഷ്ണൻ
11. മാറുന്ന മലയാള നോവൽ - കെ. പി. അപ്പൻ
12. ആധുനിക നോവൽ ദർശനങ്ങൾ - കെ. എം. തരകൻ
13. 20 നോലുകൾ - ഡോ. എം.എം. ബഷീർ

MAL5B07

**സെമസ്റ്റർ-V**
**കോഴ്സ്-7**
**മലയാളവ്യാകരണം**

പഠനസമയം: 108 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ:**

ഭാഷയെ വിശകലനം ചെയ്ത് ഭാഷാസ്വരൂപം നിർണയിക്കാനുള്ള പ്രാപ്തി നേടുക
മലയാളഭാഷയെ അപഗ്രഥിച്ച് പ്രയോഗങ്ങളെ മനസ്സിലാക്കുക
ഭാഷാ - വ്യാകരണ പണ്ഡിതരുടെ അഭിപ്രായങ്ങളെ സ്വരൂപിക്കുക
അന്വേഷണങ്ങളിലൂടെ ലഭിച്ച വസ്തുതകളെ കേരളപാണിനീയവുമായി താരതമ്യം ചെയ്യുക
ഭാഷാപ്രയോഗങ്ങളെയും നിയമങ്ങളെയും സംബന്ധിച്ച് സ്വന്തമായ അഭിപ്രായം രൂപപ്പെടുത്തുക

**മൊഡ്യൂൾ-1**
ധ്വനി, വർണം

1. അക്ഷരം, മലയാളത്തിലെ അക്ഷരമാല, അക്ഷരസംഖ്യ സംബന്ധിച്ച വിവിധ അഭിപ്രായങ്ങൾ, സംവൃതോകാരം/ കേന്ദ്രസ്വരം/ അകാരങ്ങൾ

2. സന്ധി - പലതരം വിഭജനങ്ങൾ, കേരളപാണിനീയത്തിലെ കാരികകൾ, ലീലാതിലകത്തിലെ സന്ധി സങ്കൽപങ്ങൾ, മലയാളത്തിൽ പ്രചാരത്തിലുള്ള സംസ്കൃതസന്ധിരൂപങ്ങളെ സാമാന്യമായി മനസ്സിലാക്കുക

3. വർണവികാരങ്ങൾ: മലയാളത്തിലെ വർണവികാരങ്ങളും അവയ്ക്ക് കേരളപാണിനി നിരത്തുന്ന കാരണങ്ങളും, ഭാഷാപരിണാമം

4. ഭാഷയിലെ ചിഹ്നനങ്ങൾ, ലിഖിതഭാഷയിൽ അവയ്ക്കുള്ള സ്ഥാനം

**മൊഡ്യൂൾ-2**
ശബ്ദവിഭാഗം

1. പദങ്ങളുടെ വിഭജനം: ധർമം, രൂപം, ഉൽപത്തി ഇവയുടെ അടിസ്ഥാനത്തിൽ പദങ്ങളെ അപഗ്രഥിക്കുക. പ്രകൃതി, പ്രത്യയം, ഇടനില ഇവ ചേരുമ്പോഴുള്ള സന്ധികാര്യങ്ങൾ മനസ്സിലാക്കുക

2. കേരണപാണിനിയുടെ ശബ്ദവിഭജനം വിമർശനാത്മകമായി പരിശോധിക്കുക. ഈ വിഷയത്തിൽ ഗുണ്ടർട്ട്, ജോർജ് മാത്തൻ, ശേഷഗിരിപ്രഭു, സി.എൽ. ആന്റണി, കെ. സുകുമാരപിള്ള എന്നിവരുടെ അഭിപ്രായങ്ങൾ താരതമ്യം ചെയ്യുക

3. നാമം, കൃതി, ഭേദകം എന്നീ വകഭേദങ്ങളും അവയുടെ വിഭജനങ്ങളും കേരളപാണിനീയം ശബ്ദോൽപത്തി പ്രകരണത്തെ അടിസ്ഥാനമാക്കി മനസ്സിലാക്കുക

4. ദ്യോതകങ്ങൾ: ഏ ആറിന്റെ നിഗമനങ്ങളും അവയുടെ വിമർശനങ്ങളും, ഭേദകം: നാമവിശേഷണം, ക്രിയാവിശേഷണം-ഭിന്നാഭിപ്രായങ്ങൾ

**മൊഡ്യൂൾ-3**
നാമവിഭാഗം

1. നാമവിഭാഗങ്ങൾ, വിഭജനക്രമം, വിഭജനത്തിനുള്ള അടിസ്ഥാനം, കേരളപാണിനിയുടെ നിലപാടുകൾ

2. ലിംഗം: മലയാളത്തിലെ ലിംഗഗണന, പ്രത്യയങ്ങൾ, സമാസരൂപങ്ങൾ, നപുംസകരൂപസൃഷ്ടി

3. വചനം: വചനനിർണയം, പ്രത്യയങ്ങൾ, പ്രത്യയനിരാസത്തിനുള്ള സന്ദർഭങ്ങൾ

4. വിഭക്തിയും കാരകവും: വിഭക്തി നിർവ്വചനം, പ്രത്യയങ്ങൾ, വിഭക്ത്യാഭാസം, കാരകബന്ധം, എ ആറിന്റെയും മറ്റു വൈയാകരണന്മാരുടെയും അഭിപ്രായങ്ങൾ

5. നിഷ്പന്ന നാമങ്ങൾ: നിഷ്പാദനപ്രത്യയങ്ങൾ, തദ്ധിതങ്ങൾ, രൂപനിഷ്പാദനവും ഭാഷയുടെ പ്രയോഗക്ഷമതയും

**മൊഡ്യൂൾ 4**

ക്രിയാവിഭാഗം

1. ക്രിയ: ക്രിയാവിഭജനം ഉപാധികൾ, കേരളപാണിനീയത്തിലെ ചർച്ച

